മലയാള പുരോഗമന വാരിക

## വിഷയവിവരം


കരയിക്കാൻ (കവിത) തൊട്ടപ്പുഴ എം. എസ്സ് ചന്ദ്രശേഖര വാര്യർ 3

കലാവീഥിയിൽ— വിഹാരി 4

സർ, 'വന്ദനം—(ചെറുകഥ) കാത്രർ 5

നാസ്തികത്വത്തിന്റെ നിസ്സഹായത—വി. വി. കെ. വാലത്ത് 7

അന്വേഷണം—(കവിത) ചെറുകാട് 10

അകവും പുറവും—(കവിത) വെള്ളംകളം ത്രിവിക്രമമേനോൻ 10

ഗ്രന്ഥവിഹാരം—(കൃഷ്ണമ്പലം) പൊൻകുന്നം വർക്കി 12

ഇടത്തരക്കാർ ഞങ്ങളുടെകൂടെ!— എം. ബാലകൃഷ്ണൻ 15

അരസെന്റു സ്ഥലം ഉണ്ടായിരുന്നെങ്കിൽ—(ചെറുകഥ) മിസ്സിസ് മാത്താഡേവിഡ് തരകൻ 17

സൂര്യസെൻ— നാരായണൻകുട്ടി ബി. എ. മാറായി 21



XXVIII (28)

February 24, 1946


വില 2 ണ.

# കാൽസിഫെറോ

(റജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു.

അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം

ഫലസിദ്ധിയുള്ള പല അപൂർവ്വ ഔഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യ മുതലായ ധാതുദ്രവ്യങ്ങളും, തേനും, മാൾട്ടും ചേർത്തു ശാസ്ത്രീയമായി തയ്യാർചെയ്യിട്ടുള്ളതു്.

**എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.**



# 3 പുസ്തകങ്ങൾ

| | | |
|---|---|---|
| പ്രേമവിപ്ളവം (നാടകം) പൊൻകുന്നം വർക്കി | 1 0 0 |
| മേൽവിലാസം (8 കഥകൾ) കാരൂർ നീലകണ്ഠപിള്ള | 1 4 0 |
| അപ്പൂപ്പൻ (നാടകം) കാരൂർ | 0 14 0 |

വി. പി. അയയ്ക്കുവാൻ എഴുതുക

## നാഷനൽ ബുക്ക് സ്റ്റാൾ

കളരിക്കൽ ബസാർ, കോട്ടയം.

# ചിത്രോദയം

## കരയിയ്ക്കാൻ

(തൊടുപുഴ എം. എസ്സ്. ചന്ദ്രശേഖരവാര്യർ)

ഞാനാകുംശിശുവിനെപശ്ചിമദിങ്നാരി
തിരമാലത്തൊട്ടിലിലാട്ടീടുമ്പോൾ,
കരയുന്നപൈതലെമടിയിൽകിടത്തി,യെൻ
കരവല്ലിയാലൊന്നു താലോലിച്ചും,
ഉലകത്തിൻസന്മനോഭാവത്തിന്റെ,ശകലം
കരുണാലഭിക്കുവാൻ കൈകാണിച്ചും,
ഒഴുകുന്നനയനനീർച്ചാലുകൾ,കീറിപ്പഴ്
വസനമാം തൂവാലയാൽതുടച്ചും
കരളുള്ളമർത്ത്യരെകരയിപ്പാൻ,അവൾ,വീഥീ-
സ്ഥിതികാലാമാമരച്ചോട്ടിൽകാണാം!

ii

അതുവഴിയഴകാർന്ന ചലമിഴിയൊരുവൾ,തൻ
രമണനെൻ പിമ്പേനടന്നുപോയി!
കളിവാക്കുപറയുമ്പോൾ കുനുകുനെചിരിചിന്നി
കളമൊഴിയൊരുവൾകടന്നുപോയി!
അതുകണ്ടുവഴിവക്കിലമരുന്നനാരിതൻ
ഹൃദയത്തിലൊരുമിന്നൽപാഞ്ഞുപോയി.
അവളുടെചിന്തകൾ, മലയുംപുഴകളും
വനവുംകടന്നു പറന്നുപോയി!
നയനത്തിൽനാലഞ്ചുകദനത്തിൻകണികകൾ
പൊടിയുന്നു, പിടയുന്നു,വൽക്കചിത്തം!

iii

ഇളകിക്കളിക്കയായ്പുളകം, ആ ജീവിത-
സ്മരണകൾഹൃദയത്തിൽനടനംചെയ്കെ.
ചിലപുല്ലുമേടുകൾക്കപ്പുറം,വിരവാർന്നു
വിലസുന്നൊരമലശ്രീപൂണ്ടപാടം.
അതിനുടെകരയിലായ്, ചെറുകുന്നിൻചെരിവി
തൊഴുകയ്യുപോൽനില്ക്കും കൊച്ചുമാടം (ലായ്
ഒരുദിനം,ഒരുനിരപൊൻ'തലപ്പാവു'കൾ
അരുണൻതൻകിരണത്താലണിയുന്നേരം,
'കുറുമൊഴി'മൊട്ടുകൾവിടരുമ്പോൾ,അലയുന്ന-
പവനൻസുഗന്ധംപരത്തീടുമ്പോൾ,
കുസുമിതവല്ലിയെപുണരുന്നതൈമാവിൻ
ശിഖരങ്ങൾനിർമ്മിച്ചകൂടാരത്തിൽ,
'മദന'ന്റെരോമിലവിരിമാറിൽതലചേർത്തു
നിരുപമാനന്ദംനുകരുംനേരം,
അവനുരചെയ്യൊരാമധുരമാംവചനങ്ങ-
ളവളുടെചെവികളിലുയരുന്നിതും!
"ഹൃദയാധിദേവതേ,സുരലോകവനിതേ,സു-
മഹിതേ,സുചരിതേ,തേപദപത്മങ്ങളിൽ,
പ്രണയംനിറയുമെൻമാനസമർപ്പിപ്പൂ;
ചതിയല്ലാ, കളവല്ലാ, കളിയുമല്ലാ!
ഞാനിയംനിന്നെ,യല്ലയെങ്കിൽ,ത്യജിക്കും,ഞാ-
നിനിമേലിൽനിന്റെ,നീയെന്റേതല്ലീ?........"

iv

ഒരുവാക്കുപോലുംപറയാതെ,മദനൻ,തൻ—
പുരയുംപുരിയുംവെടിഞ്ഞനാളിൽ,
'ചതിയല്ല,കളവല്ലെ'ന്നോതിയതൊക്കെയു
പതിരായിത്തീർന്നൊരാദുർദ്ദിനത്തിൽ,
ഉഴറിപ്പാഞ്ഞെത്തുന്ന,മലവെള്ളംനിറയുന്ന
പുഴയുടെയടിയിലൊന്നെത്തിനോക്കാൻ
അവളുടെകദനവുമാത്മാഭിമാനവും
പലമട്ടിലുപദേശംചെയ്യുന്നാലും,
ഉദരത്തിലമരുന്ന"കൊച്ചുമദന"ന്റെ
"വദനം, പാടില്ലാ"യെന്നാജ്ഞാപിച്ചു!
മദനന്റെവഞ്ചന,ഭീരുത്വമിവയെല്ലാം
ഒരുചെറു"സമ്മാന"മവനിക്കേകി!
അപവാദക്കൊടുവെയിലിലുരുകി,യാമാതാവു്
വഴിവക്കിലാമരച്ചോട്ടിലെത്തി.
കരയും,ഇടയ്ക്കുചിന്തിക്കും, കരയുന്നോ—
രരുമപ്പൊൻകുഞ്ഞിനെത്താലോലിക്കും,
കരവല്ലിനീട്ടിയാചിക്കും,ചിലപ്പോൾ,തൻ
സ്മരണയാമൂഞ്ഞാലിലാടും,പാടും,
പനിമതിപൊങ്ങുമ്പോൾ പറയുംതനിയെ,"ഞാ—
നിനിമേലിൽനിന്റെ,നീയെന്റേതല്ലീ?"

—0—

# കലാവീഥിയിൽ

(വിഹാരി)

## നാടകവേദിയെപ്പററി

വളരെയധികം വാദകോലാഹലങ്ങൾക്കു വിഷയമായിത്തീർന്നിട്ടും, അനവധി പ്രതിഷേധശബ്ദങ്ങൾ കേട്ട് നടീനടന്മാരുടെ ചെവികൾ തഴമ്പിച്ചിട്ടും നമ്മുടെ നാടകവേദി യാതൊരു കുലുക്കവും കൂടാതെ പഴയമട്ടിൽത്തന്നെ അങ്ങനെ കഴിഞ്ഞുകൂടുകയാണ്. പലരും വിമർശിച്ചു; എസ്സ് ഗുപ്തൻനായർ എതിർത്തുകൊണ്ടു പ്രസംഗിച്ചു; ററി. എൻ. ഗോപിനാഥൻനായർ റേഡിയോ പ്രഭാഷണം നടത്തി! കേശവദേവ് "നാടകക്കുത്ത്" എഴുതി; കോട്ടയം പുരോഗമനസാഹിത്യസമ്മേളനക്കാരവാഹികൾ അഭിനയിച്ചു. ഇങ്ങനെ പലതും നടന്നു. പക്ഷെ ഇതുകൊണ്ടൊന്നും നമ്മുടെ മലയാളനാടകവേദിയുടെ കാരണവന്മാരും അനന്തിരവന്മാരും കുലുങ്ങിയിട്ടില്ല. ഇന്നും പഴയമട്ടിലുള്ള നാടകക്കൂത്തുകൾ ധാരാളമായി പെരുകുന്നു. ഇന്നും ലേപിച്ച രാജാപാർട്ടുകൾ ഷർവാണിയും കോട്ടും കടുക്കനും മുറിമീശയും ധരിച്ച് "കേരളീയ"കഥയിലെ നായകന്മാരായി പെട്രോമാക്സ് ലൈററുകളുടെ പ്രകാശത്തിൽക്കൂടി "രാഗസുധാരസം..." പാടിക്കൊണ്ടു രംഗത്തുവരുന്നു! ഇന്നും കൺട്രാക്ടർമാരും നാടകക്കമ്പനി മാനേജർമാരും ആയിരക്കണക്കിനു രൂപാ സമ്പാദിക്കുന്നു! സഹൃദയലോകം ആകപ്പാടെ "ഒരെത്തും പിടിയും"മില്ലാതെ അമ്പരക്കുന്നു.

### ഒരു ബുദ്ധിപൂർവമായ നിർദ്ദേശം

വിമർശകന്മാർ നമുക്കു ധാരാളമുണ്ടായിക്കഴിഞ്ഞു. വിമർശനത്തിന്റെ കൂടെ സൃഷ്ടിപരമായ പ്രവർത്തനം കൂടെയുണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ വിമർശനങ്ങൾ കലകൊണ്ടു കച്ചവടം നടത്തുന്ന സ്ഥിരം നാടകക്കമ്പനിക്കാരുടെ ചെവിട്ടിൽ കേറാൻ പോകുന്നില്ലെന്നാണ് അടുത്ത കാലത്തെ അനുഭവം തെളിയിക്കുന്നത്. ഘനമേറിയ കച്ചവടതാല്പര്യം കഴുത്തിൽ തൂങ്ങിനിൽക്കുന്ന ഇന്നത്തെ നാടകക്കമ്പനി മാനേജർ കലാഭിവൃദ്ധി എന്ന ലക്ഷ്യത്തിലേക്കും കൂടി തന്റെ ഗതിയെ തിരിച്ചുവിടണമെങ്കിൽ, നമ്മുടെയിടയിലുള്ള കലാവിമർശകന്മാരും അഭ്യസ്തവിദ്യരായ അഭിനയവിദഗ്ദ്ധന്മാരും പുരോഗമനസാഹിത്യകാരന്മാരും യോജിച്ചുകൊണ്ടു കേരളത്തിലങ്ങോളമിങ്ങോളം ഒരു ജനകീയനാടകവേദി (People's Theatre movement) കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. "നാടകം ജീവിതത്തിന്റെ കലാത്മകമായ പ്രതിഫലനമായിരിക്കണ"മെന്നു പറഞ്ഞതു വിശ്വവിഖ്യാത നാടകകർത്താവായ ജെ. ബി. പ്രീസ്റ്റ്ലിയാണ്. ഇന്നു നമ്മുടെ നാട്ടിലെ ജീവിതത്തിന്റെ ഒരു പ്രധാനഭാഗമാണ് ഇവിടത്തെ രാഷ്ട്രീയപ്രസ്ഥാനം. അതുകൊണ്ടു കേരളത്തിൽ ഈ ജനകീയനാടകപ്രസ്ഥാനം സൃഷ്ടിക്കുന്നതിൽ ഒരു പ്രധാനപങ്കു വഹിക്കേണ്ട ചുമതല ഇവിടത്തെ രാഷ്ട്രീയപാർട്ടികൾക്കുണ്ട്. ദേശീയബോധവും സ്വാതന്ത്ര്യബോധവും നമ്മുടെ ജനതയിൽ കുത്തിവെയ്ക്കുന്നതിനുള്ള ഒരു കരുത്തേറിയ ആയുധമാണ് നാടകവേദി. ഒരു രാഷ്ട്രീയനേതാവിന്റെ ഉജ്ജ്വലവും ദീർഘവുമായ പ്രഭാഷണത്തെക്കാൾ ഫലം ഉണ്ടാക്കുന്നതു് അഞ്ചുമിനിട്ടുനേരത്തേക്കുള്ള ഒരു ദേശീയഗാനമോ ഒരു നാടകത്തിലെ ഒരു രംഗമോ ആയിരിക്കും. ഇൻഡ്യൻ പീപ്പിൾസ് തിയേറ്റർ മൂവ്മെന്റിന്റെ രണ്ടുകൊല്ലത്തെ ചരിത്രത്തിൽനിന്നു നമുക്കെല്ലാവർക്കും പഠിക്കാനുള്ള പ്രധാനപാഠം ഇതാണ്. ഇന്നു കേരളത്തിലെ എല്ലാ നഗരങ്ങളിലും ഏററവും നല്ല അഭിനയവിദഗ്ദ്ധന്മാരടങ്ങിയ അമെച്വർ നാടകസമിതി (Amateaur Dramatic Societies) കളുണ്ട്. ഇപ്പോൾ ഇവർക്കുള്ള ജോലി വല്ല ക്ലബ്ബിന്റെയും വാർഷികദിനമോ, മഹാരാജാവിന്റെ ജന്മദിനമോ മററോ വരുമ്പോൾ, വല്ല പഴഞ്ചൻമട്ടിലുള്ള ഫലിതനാടകമോ നമ്മുടെ നാടകകൃത്തുകൾ ദ്വിജേന്ദ്രലാലിനെ അനുകരിച്ചു നാടകമെഴുതാൻ പുറപ്പെട്ടിട്ടുണ്ടാകുന്ന ദയനീയപരാജയത്തിന്റെ അനിഷ്ടസന്തതിയായ ഒരു ചരിത്രനാടകമോ, പഴയ സാങ്കേതികമാർഗ്ഗങ്ങളെ മാത്രം അവലംബിച്ച് അഭിനയിക്കുക എന്നതാണ്. ഈ നില ഉടനെ മാറേണ്ടിയിരിക്കുന്നു. ഇൻഡ്യയിലെയും ലോകത്തിലെയും നാടകവേദിയിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെ പഠിച്ച്, തികച്ചും "കേരളീയമായ" കഥകൾ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ നാടകകൃത്തുകൾ അടിയന്തിരമായി ചെയ്യേണ്ടതു്. ശമ്പളക്കാരല്ലാത്ത നടീനടന്മാർ കൂടിച്ചേർന്നു് മാസത്തിലൊരിക്കലൊ രണ്ടുതവണയൊ ഓരോ പട്ടണത്തിലും (നിവൃത്തി

ചെറുകഥ

# സാർ, വന്ദനം!

(കാരൂർ നീലകണ്ഠപ്പിള്ള)

സ്ക്കൂൾ വിട്ട കഴിഞ്ഞു് ഇൻസ്പെക്ടർ ഗൃഹത്തിലേക്ക് തിരിച്ചു ചെന്ന വഴി വീടിനോട് ചേർന്നുള്ള ആഫീസ് കെട്ടിടത്തിന്റെ മുറ്റത്തുനിന്നു വിളിച്ചു പറഞ്ഞു–"രാമകൃഷ്ണയ്യർ, കൃനൻ വേണ്ടക്കൾ സ്കൂളിലെ ബില്ല് വന്നാൽ പാസ്സാക്കിക്കൊടുക്കരുതു്."

പകൽ മുഴുവനും പിന്നെ വിളക്കുവച്ചും ജോലി ചെയ്തു ക്ഷീണിച്ചു്, "ഇനിയൊക്കെയവിടെ കിടക്കട്ടെ രാമൻപിള്ളേ, ഒക്കെ അടയ്ക്കൂ." എന്നു പറയാൻ തുടങ്ങിയ ഹെഡ്ക്ലാർക്ക് "സ് ആർ" എന്നു അനുസരിച്ചു.

എന്താ കാര്യമെന്നു ചോദിച്ചാൽ വൈകാൻ താമസം നേരിട്ടേക്കുമെന്നു കരുതി . മിണ്ടാതെ മേശ പൂട്ടി കുടയെടുത്തു കക്ഷത്തിൽവച്ചു് പുറത്തേക്കിറങ്ങി.

എന്താണുണ്ടായതു്. ആ സ്കൂളിലെ ബില്ല് തടയാൻ?

അന്നു് ആ ഗ്രാമപാഠശാലയിൽ എല്ലാം കുഴപ്പമാണു്. നാലധ്യാപകന്മാരുള്ളതിൽ രണ്ടു പേർ വന്നിട്ടില്ല. അതിലൊരാളിന്റെ അവധിക്കപേക്ഷപോലുമില്ല. അടുത്തുള്ള ക്ഷേത്രത്തിലെ ഉത്സവമാണന്നു്. ഒരാൾ അവിടെ സർവത്തു കച്ചവടത്തിനു കൂടിയിരിക്കയാണു്. എന്നുവച്ചാൽ ഒരു സർവത്തു കടക്കാരനെ സഹായിക്കാൻ പോയിരിക്കയാണു്. ഉത്സവം കാണാം പിന്നെ തീരെ വെറുതെയാകുമോ? മറ്റെ ആളെപ്പററി ഒരു വിവരവും കിട്ടിയിട്ടില്ല. നാലു ക്ലാസിലുംകൂടി ഹെഡ്മാസ്റ്ററും ഒരു മിസ്ട്രസ്സുമേയുള്ളൂ. മിസ്ട്രസ്സ് വിചാരിച്ചാൽ ഒന്നാം ക്ലാസ്സിലെ കുട്ടികളെത്തന്നെ അടക്കിയിരുത്താൻ കഴിയുകയില്ല. അവർക്ക് ഒരിടത്തിരിക്കാനോ എന്തെങ്കിലും പഠിപ്പിക്കാനോ ഇടകിട്ടുകയില്ല. കുട്ടികൾ അത്രയ്ക്കു കുസൃതികളാണു്. എപ്പോഴും പരാതി പറച്ചിൽ. സമാധാനം പറച്ചിൽ, കൂടെക്കൂടെ ഓടി നടക്കൽ, ആ ചെറുപ്പക്കാരിക്കൊരിക്കലുമില്ല ഒരു സ്വൈരം. അവർക്കിന്നു ഇരട്ടിപ്പണിയാണു്. ഇതേ തരത്തിലുള്ള രണ്ടു ക്ലാസ് ഭരിക്കണം. അവർ തോററു. ആ കെട്ടിടത്തിന്റെ ഒരു പകുതിയിൽ സാമാന്യം അരാജകത്വം തന്നെയാണു്. മറേറ ഭാഗം കുറെ ഭേദമാണു്. പ്രഥമാധ്യാപകൻ മൂന്നാം ക്ലാസ്സിൽ പകർത്തിയെഴുതാൻ ആജ്ഞാപിച്ചിട്ടു്, വർത്തമാനം പറയുന്നവരുടെ പേരെഴുതിവയ്ക്കാൻ മോണിട്ടരെ ഏർപ്പാടു ചെയ്തിട്ടു നാലാം ക്ലാസിൽ പഠിപ്പിച്ചു. അടുത്ത പീരിയഡിന്റെ ആരംഭത്തിൽ നാലാം ക്ലാസ്സിൽ കഥനം ചൊല്ലാൻ ശട്ടം

---

യുള്ള ഗ്രാമങ്ങളിലും) ഓരോ നാടകപ്രദർശനം നടത്തുന്നതു നന്നായിരിക്കും.

പീപ്പിൾസ് തീയേറററിന്റെ നേട്ടങ്ങൾ

രണ്ടരവർഷങ്ങൾക്കു മുമ്പാണു് ഇൻഡ്യയിൽ ആദ്യമായി ഐ പി ടി എ (Indian People's Theatre Association) ഉണ്ടായതു്. ബോംബെയിലാണു് ആദ്യമായി അതു രൂപീകരിക്കപ്പെട്ടതെങ്കിലും വളരെ വേഗത്തിൽ അതിന്റെ ശാഖകൾ, ഡെൽഹി, കൽക്കത്താ, ലാഹോർ, അഹമ്മദാബാദ് മുതലായ നഗരങ്ങളിൽ ഉയർന്നുവന്നു. എന്നുതന്നെയല്ല ആസ്സാം, ബങ്കാൾ, യു പി മുതലായ സംസ്ഥാനങ്ങളിലെല്ലാം പീപ്പിൾസ് തിയേറററിന്റെ വക നടനകലാസമിതികൾ ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിച്ചു് പുതിയ ആശയങ്ങളുൾക്കൊള്ളുന്ന നാടകങ്ങളും പാട്ടുകളും നൃത്യരൂപങ്ങളും പ്രചരിപ്പിച്ചു. ഇന്നു് അഖിലേന്ത്യാ പീപ്പിൾസ് തീയേററർ സംഘടനയുടെ അഭിമുഖ്യത്തിലുള്ള ഒരു സ്ഥിരമായ നടനകലാസമിതിയുണ്ടു്. 1946-ൽ അവർ പ്രദർശനത്തിനായി പരിശീലിച്ചിരിക്കുന്നതു് "ഭാരതത്തിന്റെ ആത്മാവു്" (The Spirit of India) എന്ന നൃത്യനാടകമാണു്. ബ്രിട്ടീഷ് ആധിപത്യം ഇൻഡ്യയിൽ നടപ്പിലായതിനുശേഷം ഭാരതത്തിനു സംഭവിച്ച സാംസ്കാരികവും സാമ്പത്തികവുമായ തകർച്ചയെ ഏററവും കലാത്മകമായ രീതിയിൽ ഈ നൃത്യകഥയിൽ ചിത്രീകരിച്ചിരിക്കുന്നു. ഇപ്പോൾ ഈ സമിതി കൽക്കത്തായിൽ താമസിച്ചു പ്രദർശനം നടത്തിവരികയാണു്. ഏററവും വിദഗ്ദ്ധന്മാരായ നർത്തകന്മാരെ പ്രസവിച്ച കേരളത്തിനു് ഇങ്ങനത്തെ ഏതുയെത്ര കലാസമിതികളെയും നൃത്യകഥകളെയും സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. നമ്മുടെ കലാകാരന്മാരും നടനകലയുടെ രക്ഷാധികാരികളും കാര്യമായാലോചിച്ചു് ഇതിനൊരുത്തരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

—0—

കെട്ടിയിട്ട് അദ്ദേഹം മൂന്നാംക്ലാസ്സിൽ ചെന്നു; പകത്തിയെഴുതിയതല്ല, വർത്തമാനം പറഞ്ഞവരുടെ പേരെഴുതിയതു പരിശോധിച്ചു. മോണിട്ടരൊഴിച്ചെല്ലാവരും സ്ലേററിന്റെ രണ്ടു പുറവും പകർത്തിയെഴുതിയിട്ടുണ്ട്. അതദ്ദേഹം നോക്കിയില്ല. മോണിട്ടറെഴുതിയതും രണ്ടു പുറമുണ്ട്. അതൊക്കെ കുററക്കാരുടെ പേരുകളാണ്. കേസു വിചാരണയ്ക്കു പീരിയഡിന്റെ പകുതി വേണ്ടിവന്നു. ആ സ്കൂളിലെ കുട്ടികളെല്ലാം വിചാരണയുടെ ഫലം അറിയാൻ ശ്രദ്ധാവധാനരായിരുന്നതിനാൽ അല്പനേരം അവിടം പൊതുവെ ശാന്തമായിരുന്നു. ഹാജരാകാതിരുന്ന രണ്ടധ്യാപകന്മാരോടുള്ള പകകൂടി പ്രഥമാധ്യാപകൻ കുട്ടികളോടു തീർത്തു. അടി കൊള്ളാത്തവരില്ല ആ ക്ലാസ്സിൽ. മോണിട്ടർക്കും കിട്ടി ശിക്ഷ. ആ മിസ്ട്രസ്സിനു കുറെ പൊറുതി കിട്ടി. അടി ആ വഴിക്കും ചെല്ലുമെന്നു പേടിച്ചു ആ പൈതങ്ങൾ അടങ്ങിയിരുന്നു.

ഉച്ചയ്ക്കു മുൻപുള്ള സമയത്തിൽ പകുതിയും കഴിഞ്ഞതോടെ അതിനൊരു പാഠശാലയുടെ ലക്ഷണമുണ്ടായി.

'മാലിനിയാം നളീകുലേ മനോഹരേ
മുകുലസുമഫലാദിപൂർണ്ണം'

എന്നു നാലാം ക്ലാസ്സിലെ കുട്ടികൾ കഥനവും 'നാലേഴിരുപത്തെട്ട്', 'നാലൊമ്പതു മുപ്പത്താറ്' എന്നു രണ്ടാംക്ലാസ്സിലെ കുട്ടികൾ ഗുണനപ്പട്ടികയും ചൊല്ലുന്നതു വഴിയേ പോകുന്നവർക്കു കേൾക്കത്തക്കവണ്ണം അവിടത്തെ ആരവം ഉന്നമർന്നു.

അപ്പോൾ മേലധികാരികൾ ആരെങ്കിലും വന്നൊന്നു കണ്ടിരുന്നെങ്കിൽ ഹെഡ്മാസ്റ്ററെ അഭിനന്ദിച്ചേനെ.

സ്കൂളിനകത്തൊരു ശാന്തത കിട്ടിയപ്പോൾ ഹെഡ്മാസ്റ്ററുടെ ചിന്ത പുറത്തിറങ്ങി. അതു നേരെ ഉത്സവസ്ഥലത്തെത്തി. പല വിധം ജീവിതവിഷമങ്ങളിൽ ഞെരുങ്ങുന്ന അദ്ദേഹത്തിനു ഉത്സവസ്ഥലങ്ങളും മററും ആശ്വാസസങ്കേതങ്ങളാണ്. ഉദ്യോഗകാലാവധി അൻപത്തിയെട്ടു വയസ്സുവരെ നീട്ടിയില്ലായിരുന്നെങ്കിൽ ഈ കരിഞ്ചന്തക്കാലത്തു് അഞ്ചാറാത്മാക്കൾക്കു് വഴി കാട്ടിക്കൊണ്ടു് അദ്ദേഹം പരലോകത്തേക്കു പോകുമായിരുന്നു. 11 രൂപായോ മറ്റോ ആണദ്ദേഹത്തിനു പെൻഷൻ കിട്ടുമായിരുന്നതു്. പതിനൊന്നുരൂപായെന്നു വച്ചാൽ, അദ്ദേഹത്തിന്റെ കുടുംബത്തിനൊരാഴ്ച കിട്ടുന്ന റേഷൻ ധാന്യങ്ങളുടെ വില. അദ്ദേഹം പട്ടിണി കിടന്നു ചത്തു പോയേനെ. ദൈവത്തിന്റെ കരുണ. ഗവർമ്മെൻറിനങ്ങനെയൊരു പരിഷ്കാരം നടപ്പിലാക്കാൻ തോന്നി; ഉടുക്കുകയും തേക്കുകയും വേണ്ടെങ്കിൽ ഓരോ നേരത്തെ ആഹാരത്തിനുള്ള വക ആ കുടുംബത്തിനു മൂന്നു കൊല്ലത്തേക്കുകൂടി കിട്ടാനിടയായി. അദ്ദേഹത്തിനു ഭാര്യയുണ്ട്; ആറുമക്കളുമുണ്ട്. മൂത്തതു മൂന്നും പെണ്ണാണ്. എല്ലാം തെണ്ടുമെന്നവസ്ഥയാം. തുണിയില്ലെങ്കിൽ അവരെയൊക്കെക്കൂടെ എങ്ങനെയാ പാർക്കുക? അദ്ദേഹവും കഴിഞ്ഞുകൂടിപ്പോരുന്നുണ്ട്. ഗൃഹനാഥൻ പറയും "വാകീറിയവൻ ഇരയും തരും." അറിവുള്ള ആ മനുഷ്യൻ പറയുന്നതങ്ങു വിശ്വസിച്ചാൽ മതി. ഹെഡ്മാസ്റ്റർക്കു് ഉത്സവസ്ഥലത്തൊന്നു പോകണമെന്നുണ്ട്. 'അടുത്ത ക്ഷേത്രത്തിലെ ഉത്സവമാണ്. പോയില്ലെങ്കിലെന്തു പോരായ്കയാണൊന്നോ! പല സ്നേഹിതന്മാർ വരും. വല്ലപ്പോഴും ഒന്നു തമ്മിൽ കണ്ടു പഴയ സ്നേഹബന്ധമൊന്നു പുതുക്കിയില്ലെങ്കിൽ—ആരാ നമുക്കുപകാരപ്പെടുകാനു നിശ്ചയമുണ്ടോ? അങ്ങനെയൊരു പ്രാരബ്ധത്തിലല്ലെ നമ്മളു നില്ക്കുക? പിന്നെ കൊടികേറീട്ടിതുവരെ ഒന്നുപോയി തൊഴുകയുണ്ടായില്ല. ഈ ഭയങ്കര ക്ഷാമമൊക്കെ വന്നിട്ടും പിടിച്ചുനിന്നതു് ആ ഭഗവാന്റെ കാരുണ്യംകൊണ്ടാണല്ലോ. പോകണം. രണ്ടു നാഴികയല്ലേയുള്ളു. അവിടെവരെ പോയിട്ട്, ഒരു ചക്രം കാണിക്കയിടാതെ—? ഇല്ലാഞ്ഞതിനിപ്പം എന്തെടുക്കാനാ!'

കുട്ടികളെ പഠിപ്പിക്കുകയും ഭരിക്കുകയും ചെയ്യുന്നതിനിടയ്ക്കു് ഇങ്ങനെയുള്ള ചിന്ത അദ്ദേഹത്തിന്റെ മരവിച്ച മനസ്സിൽ അരിച്ചു നടന്നു.

ദണ്ഡനത്തിന്റെ സ്മരണ കുട്ടികളെ വിട്ടുമാറാൻ നേരമായില്ല.

അദ്ദേഹത്തിന്റെ ക്ലാസിലെ ഒരു കുട്ടി ഒരൊററച്ചക്രത്തുട്ട് ബെഞ്ചിലിട്ടു കളിക്കുകയാണ്. അതിന്റെ ശബ്ദവും അദ്ദേഹത്തിനപ്പോൾ അനിഷ്ടമായിത്തോന്നി. അതു ബെഞ്ചിൽനിന്നു താഴെ വീണുരുണ്ടു ക്ലാസ്സിന്റെ നടുവിലേക്കു വന്നു.

ആ പാഠശാലാധികാരി അതു കൈയിലെടുത്തു. 'ചക്രം ക്ലാസിൽ കൊണ്ടുവരരുതെന്നു പറഞ്ഞിട്ടില്ലേ. മൂന്നു ദിവസത്തേയ്ക്കിതിവിടെയിരിക്കട്ടെ.'

അദ്ദേഹം വളരെ ഗൗരവമായിട്ടാണതു പറഞ്ഞതു്. കുട്ടിയൊന്നു മന്ദഹസിച്ചു. ആ മന്ദഹാസത്തിനൊരുജ്ജാള്യം പുരണ്ടിരുന്നതു് അദ്ദേഹത്തിന്റെ ഗൗനിപ്പിനു വിഷയമായില്ല.

ചെമ്പുതുട്ട്, മേശയുടെ കള്ളിയിൽ, നിഷ്പ്രയോഗമായ നിബ്, പിളർന്ന കുററിപ്പെൻസിലിന്റെ തടി, മഷിക്കുപ്പിയുടെ തകരയടപ്പ്, ചോക്കിന്റെ ചെറുകഷണം, ഉണങ്ങിയ അടസ്സാനുറുക്ക്, സ്ലേററുപെൻസിലിന്റെ തരിമുതലായ വിഭവങ്ങളുടെ കൂട്ടത്തിൽ അദ്ദേഹം ഒരു നിസ്സാര

(ശേഷം 19-ാംപേജിൽ)

# നാഗരികത്വത്തിന്റെ നിസ്സഹായത

(വി. വി. കെ. വാലത്ത്)

കൊടുങ്കാററു നിലച്ചു; മഴമാറി. ആകാശം, പക്ഷേ, നാളേയ്ക്കുമുണ്ടു പിടിക്കാൻ ഇന്നത്തെ വെളുപ്പ്. ഇടിഞ്ഞുവീണ മഹാനഗരികൾ; കരിയും ചാരവുമായി സംസ്കാരങ്ങൾ!—ഇവയെല്ലാമുപരിയായി ചീഞ്ഞുനാറിയ മനുഷ്യശരീരങ്ങളുടെ അസംഖ്യം മണൽക്കുന്നുകൾ!

മതം നാഗരികതയെ മണത്തുനോക്കുന്നു. സയൻസ് പുരോഗതിയെ ചികഞ്ഞുനോക്കുന്നു. മനുഷ്യജാതി അതിന്റെ സ്വന്തം ചോരയിൽവീണു പിടിവിട്ട് ഒഴുകിപ്പോകുന്നു.

യുദ്ധം! കിഴവനായ ആ കശാപ്പുകാരനു സയൻസ് ഒരു വെട്ടുകത്തികൊടുത്തു. മതം ആ ബലിക്കല്ലിന്റെ മുന്നിൽ വാലാട്ടിനിന്നു. അതു ചിലപ്പോൾ കുരച്ചു. അതു ചിലപ്പോൾ മോങ്ങി. ആ കശാപ്പുകാരൻ എറിഞ്ഞുകൊടുത്ത ഒരു കഷ്ണം എല്ലു് അതു ചിലപ്പോൾ വിഴുങ്ങി.

എന്താണു നാഗരികത?

എന്താണു പുരോഗതി?

ചത്തുവീണ ശതാബ്ദങ്ങളുടെ ശ്മശാനങ്ങളിൽ ചാരിനിന്നു നാമീ ചോദ്യം ചോദിക്കുമ്പോൾ, അന്ധകാരത്തിന്റെ വകയായ ഒരു മുറിക്കുള്ളിൽകിടന്നു നാം ഒരു കരിംപൂച്ചയ്ക്കായി തപ്പുന്നു!

കൊല ഒരജ്ഞതയാകാം. പക്ഷെ, അതൊരാവശ്യമാണു്. ന്യായമായ കൊല, അല്ലെങ്കിൽ സ്വാതന്ത്ര്യത്തിനായുള്ള കൊല—അങ്ങിനെ ഒന്നുണ്ടോ? അങ്ങിനെ ഒന്നുണ്ടു്. ഒരു മനുഷ്യവർഗ്ഗത്തെ രക്ഷിച്ചുവെന്ന സംതൃപ്തി ഒരു മനുഷ്യവർഗ്ഗത്തെ കൊന്നുവെന്ന പശ്ചാത്താപത്തിലും മീതെ നിൽക്കുന്നു. അതു പറയുമ്പോൾ ഇന്നോളമുള്ള സംസ്കാരത്തിന്റെ കനകകവാടികൾ നെററിചുളിക്കും. അവരുടെ സംസ്കാരം വേദനാപരമാണു്. നമ്മുടേതു സൃഷ്ടിപരവും. അവരുടേതു നിഴലാണു്. നമ്മുടേതു രൂപവും. എന്തുകൊണ്ടെന്നാൽ, നമ്മുടെ പേർ സാമാന്യജനതയെന്നാണു്. നാം എവിടെയും കിടന്നു ഭൗതികസംബന്ധിയായ കാരണങ്ങളാൽ കഷ്ടപ്പെടുന്നു. നമ്മുടെ സംസ്കാരം യാഥാർത്ഥ്യത്തിൽനിന്നു് ഉടലെടുക്കുന്നു. വേണ്ടിവന്നാൽ, അതു ചോരയിൽക്കൂടിയും നമ്മെ പിന്തുടരട്ടെ!

ബ്രൂട്ടസ്മാർ വരട്ടെ. ക്രോംവെൽമാർ ഉണ്ടാവട്ടെ. പട്ടാളാവശ്യത്തിനായല്ലാതെ സ്ത്രീകൾ ഗർഭം ധരിക്കാതിരിക്കട്ടെ! നാം ഭയപ്പെടുന്നില്ല.

X X X X

1914-ലെ ലോകമഹായുദ്ധം ജീവിതം ഏററവും അപകടകരമെന്നു മുന്നറിയിപ്പുനൽകി. അതിനൊരു വിലയുണ്ടായില്ല.

നാഗരികത സദാചാരബോധമാണു്. എല്ലാവരുടെയും ജന്മാവകാശമാണു് സാക്ഷാത്തായ സ്വാതന്ത്ര്യം. റോബെസ്സിയർ അതു വിളിച്ചുപറയുന്നു. അദ്ദേഹം അതു വിവരിക്കുന്നു. മററുള്ളവരുടെ സ്വാതന്ത്ര്യം ആരംഭിക്കുന്നേടത്തുവച്ചു അതു നിർവഹിക്കപ്പെടുന്നു.

നാഗരികത പുരാതനകാലത്തിൽവച്ചു നഷ്ടപ്പെട്ടതല്ല. അതു ഗ്രീസിന്റെയല്ല. അതു റോമിന്റെയല്ല. അതു ഭൂതകാലത്തിന്റെയല്ല. അതു് ഒരിക്കൽ നടന്നുതുടങ്ങിയാൽ നിന്നുകൂടാ. എല്ലാ രാജ്യത്തിലെയും മനുഷ്യസമുദായം ഒരു വിശിഷ്ട ഘോഷയാത്രയായി വലുപ്പംവയ്ക്കുകയാണു്. ഓരോ തലമുറയുടെ കയ്യിലും ഓരോ പ്രകാശനാളമുണ്ടു്.

ബുദ്ധിപൂർവവും സദാചാരപരവുമായ [illegible] യുദ്ധങ്ങളെ പടച്ചുവിട്ടിരിക്കാം. അറിയുന്നതു സംസ്കാരമാണു്. ആലോചിക്കുന്നതു് ആവശ്യമാണു്. ഭക്ഷണം കഴിക്കാത്തവയറു അതിലും വലുതാണു്. വെളിച്ചംകിട്ടാതെ ആത്മാവുകൾ കെട്ടുപോകുമ്പോൾ, ഭക്ഷണംകിട്ടാതെ ആയുസ്സുകൾ നശിച്ചുപോകുന്നു. ഇതിൽ ഏതിനെപ്പററി ആദ്യം ചിന്തിക്കും? റൊമാൻറിക് സംസ്കാരത്തെ വച്ചുനോക്കുമ്പോൾ ആദ്യത്തേതിനെ. പ്രോലട്ടേറിയൻ വാദത്തെ വച്ചുനോക്കുമ്പോൾ ഒടുവിലത്തേതിനെ. എന്തുകൊണ്ടെന്നാൽ ഒടുവിലത്തേതിൽ ഒരു ജനസമുദായം മുഴുവനുമുണ്ടു്.

റൂസോവിനെ മുൻനിർത്തി ഫ്റഞ്ചു വിപ്ളവത്തെ തൂക്കിനോക്കുമ്പോൾ, മാർക്സിനെ മുൻനിർത്തി റഷ്യൻ വിപ്ളവത്തെ തൂക്കിനോക്കുമ്പോൾ, നിയമത്തിന്റെ തട്ടുകൾമാറുന്നതു നാം കാണുന്നു. മാററാനുള്ള ലഹളകൾ കേൾക്കുന്നു.

വിപ്ളവം ജനകീയയുദ്ധമാണു്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം! ഇവകൊണ്ടു കിരീടം വച്ച സാമൂഹ്യരീതിവിശേഷത്തെ സൃഷ്ടിപരമായ സംസ്കാരത്തെ കുറിക്കുന്നു. ആ ലക്ഷ്യത്തിലേക്കെത്തിക്കാൻ ഇതേവരെയുള്ള ആസ്തിക്യങ്ങൾ, ആദർശങ്ങൾ, സംസ്കാരങ്ങൾ പരാജയപ്പെട്ടു. അരിസ്റ്റോട്ടിൽ ഒററപ്പെട്ടുനിൽക്കുന്നു. പ്ളേറ്റോ വെറുംകയ്യോടെ നിൽക്കുന്നു. തത്വശാസ്ത്രത്തിനു, സ

യൻസിനു, മതത്തിനു, കഴിയാത്തതെന്തോ ഭൗതികവാദം മുഴമിക്കുന്നു.

x x x x

ചരിത്രത്തിലേക്കു നോക്കുക. അവിടെ നിഴലുകളാണ്. യുദ്ധത്തിന്റെ കരിപിടിച്ച നിഴലുകൾ. ഇവ സത്യത്തിന്റെയോ, നീതിയുടെയോ മേൽ പൊന്തിക്കിടക്കുന്നില്ല. അവ വരച്ചുകാട്ടുന്ന രൂപങ്ങൾക്കു എല്ലാം കൊള്ളരുതായ്മയുടേയും വികൃതമോന്തകളുണ്ട്.

യൂറോപ്പിന്റെ കോളനിസ്ഥാപനം; വെള്ളക്കാരന്റെ അമേരിക്കൻ ആക്രമണം; പിസാറൊ കൊള്ളചെയ്ത പെറു; കറുത്ത ആളുകളിൽനിന്നു തട്ടിപ്പറിച്ചെടുക്കപ്പെട്ട ആസ്ത്രേലിയ; ഫ്രാൻസുമായുണ്ടായ ഇംഗ്ലീഷുകാരന്റെ ശതവർഷയുദ്ധം; ഇന്ത്യയിൽ കച്ചവടംചെയ്ത് ഉറപ്പിച്ച ഇംഗ്ലീഷുകാരന്റെ ആധിപത്യം—ഇവയെല്ലാം നിഴൽപാടുകളാണ്. അനീതി പതിയിരിക്കുന്ന നിഴൽപാടുകൾ! ചരിത്രത്തിനു ഒരു സവിശേഷതയുണ്ട്. അതു ഇത്തരം പതിയിരിപ്പുസ്ഥലങ്ങൾ പുരുഷാന്തരങ്ങൾക്കു കാട്ടിക്കൊടുക്കുന്നു.

* * *

മനുഷ്യൻ അപരിഷ്കൃതാവസ്ഥയിൽനിന്നു പുരോഗമിക്കുന്നുവെന്നു യൂറിപ്പിഡസ് (Euripides) സിദ്ധാന്തിച്ചു. പക്ഷെ, ഭൂതകാലത്തിൽ ഒരു സുവർണ്ണയുഗം കാണിക്കപ്പെട്ടിരിക്കുന്നു. ഒന്നും പുത്തനായി സംഭവിക്കുന്നില്ല പുതിയതു പഴയതാകും. പഴയതു പുതിയതാകും. പ്രപഞ്ചത്തിന്റെ ചരിത്രം അഭിവൃദ്ധിയുടേയും അധഃപതനത്തിന്റേയും മാറിമാറിയുള്ള തിരിച്ചുവരവാണ്. പ്രപഞ്ചത്തെപ്പറ്റിയുള്ള ഇത്തരം "ആവർത്തന"സിദ്ധാന്തത്തെ ആധുനിക ഗ്രന്ഥകാരനായ ജെ. ബി. ബ്യൂറി നിരസിക്കുന്നു. കലയും ശാസ്ത്രവും അനവധി പ്രാവശ്യം കണ്ടുപിടിക്കപ്പെടുകയോ, നശിക്കുകയോ ഉണ്ടായിട്ടുണ്ടെന്നു അരിസ്റ്റോട്ടിൽ ചൂണ്ടിക്കാട്ടി. സംഭവങ്ങളുടെ ആവർത്തനങ്ങൾ മാത്രം തങ്ങൾ കാണുന്നുവെന്നു പൈതഗോറസ്സിന്റെ അനുയായികൾ പ്രസംഗിച്ചു. ഒരു നാല്പതു വയസ്സുകാരനു കഴിയാതിരിക്കുന്നതറിയാൻ സാധിക്കുമെന്നു മാർക്കസ്സ് അറേലിയസ്സ് വാദിച്ചു. പുരോഗമനം ചരിത്രസംബന്ധിയായ വസ്തുതയും ഒരു പ്രകൃതിനിയമവുമാണ്. ചരിത്രത്തിന്റെ താളുകളിൽവെച്ച് ദുർബ്ബലമായ നാഗരികത്വത്തിന്റെ ഛായകൾ സ്ഥിരതയില്ലാതെ ആടിക്കൊണ്ടിരിക്കുന്നു.

റൂസ്സോ മനുഷ്യപ്രകൃതിയെ കീർത്തിച്ചു. യഥാർത്ഥ സമ്പന്നത, സന്തോഷം, വിജ്ഞാനം, ഐശ്വര്യം എന്നിവ കാലക്രമേണ വളർന്നുവരുന്നുവെന്ന നിഗമനത്തിൽ ഗിബ്ബൺ (Gibbon) നമ്മെ കൊണ്ടുചെല്ലുന്നു. പ്രീസ്റ്റിലി (Priestley) പറയുന്നു. "ലോകത്തിന്റെ ആരംഭം എങ്ങിനെ ഇരുന്നാലും നാം പോകുന്നതു ഭാവനാതീതമായ വിജയത്തിലേക്കാണ്."

മനുഷ്യൻ എവിടേയും പരിപൂർണ്ണനല്ല. സയൻസ് അവനെ പരിപൂർണ്ണനാക്കിയില്ല. മതം അവനെ ശുദ്ധീകരിച്ചില്ല. നാഗരികത മനുഷ്യന്റെ പരിപൂർണ്ണതയാണെന്നുള്ള വാദം മറക്കപ്പെട്ടു. അതുകൊണ്ടു ഫ്രാൻസിൽ കൻഡോർസെ (Condorcet) യും ഇംഗ്ലണ്ടിൽ ഗോഡ്‌വിനും (Godwin) പരിപൂർണ്ണത്വത്തെപ്പറ്റി വാദിച്ചു. ഈ പരിപൂർണ്ണത്വത്തിന്റെ വിശാലമായ ആഖ്യാനങ്ങളെന്നോണം * ഉട്ടോപ്യ ശോഭിക്കുന്നുണ്ട്.

റഷ്യൻ വിപ്ലവം വിജയിക്കുന്നതുവരെ അവ വെറും "സങ്കല്പസ്വർഗ്ഗങ്ങളാ"യി നിലനിന്നു. ഇന്നു ആ സങ്കല്പസ്വർഗ്ഗങ്ങൾ പ്രവർത്തിച്ചുവരികയാണ്. സർ തോമസ് മൂർമുതൽ ഇന്നോളമുള്ള എല്ലാ ഉലികാചലനങ്ങളുടേയും ഇരമ്പം മനുഷ്യസമുദായത്തിന്റെ മീതെ കറയറ്റ യഥാർത്ഥ്യമായി മാറ്റൊലികൊള്ളുന്നു.

ഹെർഡർ മറ്റൊരു വഴിക്കു ജർമ്മൻ ചിന്തയെ പൂർണ്ണതയിലേക്കു കൊണ്ടുചെല്ലുന്നു. കാൻഡ് പുരോഗമനമെന്ന വാക്കിൽ നല്ല മാനസികാവസ്ഥയെ ഉൾക്കൊള്ളിക്കുന്നു. ആന്തരിക സത്യത്തിൽ അധിഷ്ഠിതമായ വിജ്ഞാനത്തിൽ ഫിഷെ Fitchte)തന്റെ നാഗരികത്വം ഒണത്തുനാക്കുന്നു. ഫിഷെയെപ്പോലെ മാനസികസാമ്രാജ്യങ്ങളുടെ താഴ്‌വരകളിൽക്കൂടി ഹിഗട്ട്(Hegert)തന്റെ ചിന്തയെ വ്യാപരിപ്പിക്കുന്നില്ല. രാഷ്ട്രീയവും ഭരണസംബന്ധിയുമായ കാരണങ്ങളെ അദ്ദേഹം ചുഴിഞ്ഞുനോക്കി. "മനുഷ്യജാതിഭേദപ്പെടുന്നതു" ശീഘ്ര പറഞ്ഞു:—"ഒരു നിസ്സാരനിമിഷത്തേക്കു മാത്രമാണ്." ഈശ്വരൻ മനുഷ്യനെക്കൊണ്ടു മു

---

* 16-ം 17-ം നൂറ്റാണ്ടുകളിൽ പ്രത്യക്ഷമായ ഉട്ടോപ്യൻ ഗ്രന്ഥങ്ങൾ. സമുദായത്തിലെ ദോഷങ്ങൾ ചൂണ്ടിക്കാണിയ്ക്കുകയും, അവയ്ക്കുള്ള പരിഹാരം സോഷ്യലിസ്റ്റുതത്വങ്ങളുടെ പ്രവർത്തനംമൂലമേ സാദ്ധ്യമാവുകയുള്ളുവെന്നു ചിന്തിപ്പിക്കുകയും ചെയ്യുന്ന ചില സാങ്കല്പിക രാജ്യങ്ങളുടെ ഭരണക്രമവിവരണങ്ങളാണ് ഉട്ടോപ്യകൾ. പതിനാറുവരെയുള്ള ഉട്ടോപ്യകൾ ചരിത്രകാരന്മാരുടെ കണ്ണിൽ പെട്ടിട്ടുണ്ട്.

ഉട്ടോപ്യൻ ഗ്രന്ഥങ്ങളിൽ പ്രധാനമായതു 16-ാം നൂറ്റാണ്ടിന്റെ അന്ത്യദശയിലുണ്ടായ തോമസ് മൂറിന്റെ ഗ്രന്ഥമാണ്. (വാലത്ത്)

ഷിയുന്ന സന്ദർഭം വരുമെന്നു ഗീഥേ വ്യസനിച്ചിരുന്നു.

*      *      *

നെപ്പോളിയനിക് യുദ്ധത്തിനുശേഷം ഇംഗ്ലണ്ട് അടിമുതൽ മുടിവരെ ഭയന്നിട്ടാണ് ഒരു വിപ്ലവത്തെ പേടിക്കുന്നു. (ഈ യുദ്ധത്തിന്റെ സമാപ്തിയും ഇംഗ്ലണ്ടിനെ പേടിപ്പിച്ചിട്ടേയുള്ളു. ഇപ്പോൾ അതിന്റെ പേടി അറ്റംപോലം ബിനെപ്പാറിയായി.) മരണശയ്യയിൽ വീണ വില്യിംഗ്ഡൺ നിലവിളിച്ചു. "ഇംഗ്ലണ്ടിന്റെ തലസ്ഥമിതെ വീഴാൻ പോകുന്ന നാശം കാണാനതിനു മുൻപ് എന്റെ കണ്ണടഞ്ഞെങ്കിൽ!" ഷേൽബോൺ (Shelburne) പറഞ്ഞു. "അമേരിക്കയുടെ സ്വാതന്ത്ര്യസമ്പാദനത്തോടൊപ്പം ഇംഗ്ലണ്ടിന്റെ സൂര്യൻ എന്നേക്കുമായി അസ്തമിക്കും"— ഈ പ്രവചനം ഫലിച്ചില്ല. എന്നിരുന്നാലും, അതു ഇംഗ്ലണ്ടിന്റെ ജനാഭിപ്രായത്തിന്മേലുള്ള ഒരു പരാജയസ്വഭാവത്തെ വിശദീകരിക്കുന്നു. 1790-ൽ ബർക്ക പറഞ്ഞു: "ഫ്രാൻസിനു സ്വാതന്ത്ര്യമായി നിലനില്പില്ല. യൂറോപ്പിന്റെ ഭൂപടത്തിൽ നിന്നു അതുമാഞ്ഞുപ്പോടും." വില്യം വിൽബർഫോഴ്സ് (Williom Wilberforce) എഴുതി. "ഞാൻ വിവാഹം ചെയ്യുന്നില്ല. ഭാവി അത്രമേൽ ഭയങ്കരമാണ്." 1848-ൽ ഷാഫ്ട്സ്ബറി (Shaftes bury) "ബ്രി. സാമ്രാജ്യത്തിനെ കല്പിത്തകർച്ചയിൽനിന്നു രക്ഷപ്പെടുത്താൻ യാതൊന്നിനും സാദ്ധ്യമല്ല." ഡിസ്‌റേലി 1847-ൽ "വ്യവസായത്തിലും, കൃഷിയിലും, വാണിജ്യത്തിലും യാതൊരു ആശയും വഴിയില്ല."

സാഹിത്യകാരന്മാരും അപകടകരമായ ഭാവിയെ ദീർഘദർശനം ചെയ്തു. ഹെയിൻ (Heine) ഫ്രഞ്ചുകാരോടു പറഞ്ഞു. "നിങ്ങൾക്ക പേടിക്കാനുള്ള റഷ്യക്കാരിൽനിന്നല്ല. ജർമ്മനിയിൽനിന്നാണ്." മാത്യൂ ആർനോൾഡ്, ജോർജ്ജ് മെരെഡിത്ത് (George Meredith) എന്നിവർകൂടി ജർമ്മൻനാശത്തെ ദീർഘദർശനം ചെയ്തിരുന്നു. മാത്രമല്ല, ചാറത്സ് ഡിൽകി (Charles Dilke) ഭാവിയിലെ വലിയ രാജ്യങ്ങളുടെ പരിഗണനയിൽനിന്നു ജർമ്മനിയെ വിട്ടുകളകകൂടി ചെയ്തു. ഈ യുദ്ധം ആ പ്രവചനങ്ങളിൽ ചിലതിനെ പരമാർത്ഥമാക്കി. ജർമ്മനി ഇപ്പോളില്ല. പക്ഷെ, ഭൂമിശാസ്ത്രസംബന്ധമായ ഭയം—സാമ്രാജ്യത്വവും മുതലാളിത്തവും ഉണ്ടാക്കുന്ന ഭയം—ബാക്കി നിൽക്കുന്നു. അതു നിലനിൽക്കുന്നേടത്തോളം നാഗരികത ഭൂമിയിൽ സഞ്ചരിക്കുന്നില്ല. "പുരോഗമനം ഒരു യാദൃശ്ചിക സംഭവമല്ല. തെറ്റായിട്ടുള്ളവ സർവ്വതും പോണം. മനുഷ്യൻ നിശ്ചയമായും പരിപൂർണ്ണനാകണം." ഹെർബർട്ട് സ്പെൻസറിന്റെ ഈ ആശയം മറന്നുപോയിക്കുന്നു.

*      *      *

എന്തുകൊണ്ട് ഗ്രീക്ക് റോമൻ സാമ്രാജ്യങ്ങൾ മരിച്ചടിഞ്ഞു? രണ്ടായിരത്തോളം കൊല്ലം അവ വളർന്നു നിന്നു. അവ വീണുപോയി! അതു സംഭവിച്ചു! ഒരു സംസ്കാരത്തെ അതിന്റെ ശക്തികളിൽനിന്നു പോക്കിയെടുക്കുക സാദ്ധ്യമല്ല. ഉന്നതവും പരിഷ്കൃതവും ശക്തവുമെന്നു വാഴ്ത്തപ്പെട്ട സാമ്രാജ്യങ്ങൾ വീണുപോയി! ഒരു കേന്ദ്രത്തിൽനിന്നുകൊണ്ടു വിദൂരസ്ഥിതസംസ്ഥാനങ്ങളെ ഭരിക്കുന്നതായ ബുദ്ധിമുട്ടുകൾകൊണ്ട്—ആക്രമിക്കപ്പെട്ട രാജ്യങ്ങളിൽനിന്നു നലപൊക്കിയ കലാപങ്ങൾകൊണ്ട്—അങ്ങനെ ആ സാമ്രാജ്യങ്ങൾ നശിച്ചുപോയി.

അങ്ങനെ അലക്സാണ്ടറിന്റെ സാമ്രാജ്യം മുങ്ങിപ്പോയി.

അറബികളുടെയും (Saracens) തുർക്കികളുടെയും, മഹാനായ മുഗൾചക്രവർത്തിയുടെയും സാമ്രാജ്യങ്ങൾ മുങ്ങിപ്പോയി.

ഒരു നല്ല ഭാവി ഉണ്ടാകുമോ? മനുഷ്യജാതിയെ വെളിച്ചത്തേക്ക്, സമാധാനത്തിലേക്ക്, സ്വാതന്ത്ര്യത്തിലേക്ക്, പിടിച്ചുനിറുത്തുന്ന അഭിവൃദ്ധി മഹത്താണ്. പട്ടാള ഉടുപ്പുകൊണ്ടും വെടിമരുന്നുകൊണ്ടും പോററിവളർത്തിയ ആധിപത്യങ്ങൾ ഈ യുദ്ധത്തിന്റെ അവസാനത്തിൽ നിലകിട്ടാതെ താണുപോയതു നാം കണ്ടു.

റോമാസാമ്രാജ്യം അതിനെ പോററിവളർത്തിയ ദേശാഭിമാനത്തെ തന്നെ ഹിംസിച്ചു. പ്രകൃതിശാസ്ത്രത്തിനു അടിത്തറ പാകിയ ഗ്രീക്കതത്വചിന്ത മിസ്റ്റിസിസത്തിന്റെ നിഗൂഢ ഇരുട്ടറകളിൽ പോയി വിലയിച്ചു. പാവങ്ങൾക്ക് അവരെ ബന്ധിച്ച ചങ്ങലയല്ലാതെ നഷ്ടപ്പെടാനൊന്നുമില്ലെന്ന മുദ്രാവാക്യവുമായി വന്ന വിപ്ലവം മാത്രം മർദ്ദനത്തെയും യുദ്ധത്തെയും അതിജീവിക്കും!

ഒരു നല്ല ഭാവിയുടെ നിർമ്മാണം ഒരു സാർവ്വദേശീയ ജനസമുദായത്തിന്റെ ജീവിതമാണ്. അതിനെ വികസിപ്പിക്കാൻ, അതിനു കൂട്ടുനിൽക്കുവാൻ തയ്യാറില്ലാത്തതിനാൽ ഇന്നോളമുണ്ടായ നാഗരികതാസംബന്ധിയായ ആശയങ്ങൾ വെറും ഛായകളായിപ്പോയി!

# അന്വേഷണം.

"ചെറുകാട്"

കവിത ചോദിച്ചു:- കൊടുംവഞ്ചനെന്നീയെന്തിനി-
കവികൊണ്ടുലകാകെ വെമ്പിപ്പാഞ്ഞലയുന്നു!
ഇല്ലലംഭാവം നിനക്കില്ലമറ്റെങ്ങും നോട്ട—
മല്ലിലും പകലും നീ ലോകത്തെക്കശക്കുന്ന
വിശപ്പിൻ ഭൂതാവേശപ്പേക്കൂത്തു കണ്ടിട്ടിതാ
വിപ്ലവക്കൊടുംകാട്ടിൽ പെട്ടെങ്ങും വിറയ്ക്കുന്നു
ലാഭമെന്നൊന്നേ നിന്റെ ചുണ്ടത്തു പൊങ്ങുന്നുള്ളു
ലാഭത്തിൻകൊതിയാൽ നിൻതലക്കകമില്ലൊട്ടും
അക്രമ പററില്ലിതു ചെന്നായപ്പെരുങ്കൊതി
വാഴുന്നചിത്തം-ധൂർത്തനിന്നെ ഞാൻപുകച്ചേക്കാം
വിടുകിപ്പണപ്പെട്ടി വിടുകീ വിശപ്പിന്റെ
പടഹംകേൾക്കുന്നില്ലേ നീയാകെ വെണ്ണീറാവും
ചുടുനിശ്വാസംവിട്ടു ലോകവഞ്ചന ചൊല്ലി
പിടയുംകരളുമായൊന്നടക്കി സസംഭ്രമം
അയ്യോ ഞാൻ നശിക്കയാണെങ്ങുന്നു രക്ഷിക്കും ഹാ
കയ്യിൽനിന്നൊഴിക്കില്ലീ കാഞ്ചനഭണ്ഡാഗാരം
ഒരുപാടായി കാലം നേടുവാൻ തുടങ്ങിയി-
ട്ടതിതെന്നൊരുവരും പറഞ്ഞിട്ടില്ലിന്നോളം
ലോകമെന്നുണ്ടായന്നു തുടങ്ങിപ്പണപ്പെട്ടി-
യാകവെയടക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു
മാമകഭണ്ഡാഗാരം പോകുമെന്നോർത്താ- ലയ്യോ
മാനസംപിടക്കുന്നു കാവല്ക്കാരെവിടെപ്പോയ്!
നാസിസഫാസിസങ്ങൾ തകർന്നുവീണിട്ടും ഞാ-
നാശാസമുല്ലാസമുള്ളോനു സാമ്രാജ്യച്ചെങ്കോലിന്മേൽ
ഹോട്ടലിൽനിന്നും യൂഗോസ്ലാവിയക്കകത്തെത്തും
പിററുമധികാരക്കെട്ടുമെന്നാശിച്ചു ഞാൻ
ചൈനയിൽ സഖാക്കളെയടക്കാനമേരിക്ക
സൈനിക സഹായങ്ങൾ ചെയ്യുമെന്നോർത്തു
നീ ഞാൻ
ധവളസാമ്രാജ്യത്വത്തിൻ മഞ്ചലക്കെട്ടിൽതന്നെ
മലേഷ്യയായിൻഡൊനേഷ്യകളിക്കുമെന്നു നണ്ണി
ഹാ കഷ്ടമാററംബോംബാലടക്കിബ്ഭരിക്കമീ—
സാഹസക്കാരെയെന്നു കൊതിച്ചു വെറുതെ ഞാൻ
ചെന്നെത്താനന്വേഷിപ്പു സ്വേച്ഛാധികാരത്തിന്റെ
യുന്നതപ്രാകാരങ്ങൾ കണ്ടേടത്തെല്ലാംതന്നെ
തുണയില്ലെനിക്കെങ്ങും തുണക്കാമെന്നേല്ക്കുന്നോർ
പിണമായ് മാറീടുന്നു സത്യത്തിൻ ശരമേല്ക്കേ
പാരിനെക്കാൽ ചോട്ടിലിട്ടമക്കാനധികാരം
തീരെയില്ലാതായെന്നോ വയ്യെനിക്കോർക്കാൻതന്നെ
ചങ്ങലക്കെട്ടുപൊട്ടും നേരത്തും പൊൻനാണ്യങ്ങൾ
തങ്ങളിൽമുട്ടുംമധുരനാദം ഞാനോർമ്മിക്കുന്നു
അങ്ങിങ്ങു സാമ്രാജ്യത്വമരണപ്പിടച്ചലിൽ
തങ്ങുന്നുണ്ടെനിക്കിന്നും പററിനില്ക്കുവാൻ മോഹം
ഭൂമുഖത്തിന്നും ചേരിപിരിഞ്ഞതല്ലില്ലെല്ലാം
ഞാൻമറഞ്ഞൊഴികേണ്ടകാലമിങ്ങടുത്തെങ്കിൽ
ചർച്ചിലിൻസാമ്രാജ്യത്വപ്പിട്ടതാനിന്ത്യക്കിന്നു
വെച്ചുനീട്ടിടുമാറ്റ്ലിതന്നുടെകരളിലും
ഉണ്ടെനിക്കപേക്ഷമെങ്കിലും ട്രൂമാനേയും
ചെണ്ടകൊട്ടിക്കും മുതലാളിത്തമില്ലേതാങ്ങായ്
പേടിച്ചും വിറച്ചും ഞാൻ ഭൂമുഖത്തോടിക്കിതു—
ച്ചീടുമ്പോൾ വീഴുമെന്റെ കൂട്ടുകാരുടെത്തെത്തും
കൂടതന്ത്രത്താലവരെത്തുണച്ചാലന്നുമേല്പി
ച്ചാട്ടുവാൻ പാടിത്തരും പിന്നെയുമോടാൻ മാത്രം
അലറും ‘മെക്കാർതറോ’ടന്വേഷിച്ചു ഹേ ചട്ടം
നിലനിന്നോട്ടെ ഞാനീ ‘ടോജോവിൻ പിതൃഭൂവിൽ
പാറുകില്ലാററം ബോംബിൻപതാകയങ്ങിലുമെന്നോ
പ്പോററുവാനെന്നോ മിണ്ടുന്നില്ലൊന്നുമയ്യോ പാപം
പതുക്കെ ഫ്രാങ്കോവിനോടടുത്തു ചോദിച്ചു ഞാൻ
പിടിച്ചുകൂടട്ടെയോ പകച്ചു ചൊല്ലി പാവം
പററില്ല ജനകീയശക്തികളിതാ നോക്കൂ
ചുററുമെ കടല്പോലാർത്തിരമ്പുന്നു നീളെ”
ജാലവിദ്യകളോതും ‘റോയിട്ട’രോതീടുന്നു
‘സ്റ്റാലിന്റെ സാമ്രാജ്യത്തിൽ പോയൊളിച്ചോളൂ
വേഗം’
വയ്യെനിക്കങ്ങോട്ടൊന്നു നോക്കുവാൻപോലും മേലി
ലയ്യോ രക്ഷാസ്ഥാനമില്ലെനിക്കുലകത്തിൽ

# അകവും പുറവും

(വെള്ളങ്കുളം ത്രിവിക്രമമേനോൻ)

(കേക)

നാട്ടിലെപ്പട്ടിയങ്ങാലിപ്പൂവരെന്റെക്രമത്തുശ-
നിട്ടതിൽപൊടിയരിച്ചോറാവിയാറും മുൻപേ,
കട്ടിവെണ്ണയും താഴ്ത്തിപ്പരിപ്പും കൂട്ടിക്കുഴ-
ച്ചൊട്ടുപേർ ചമ്പ്രംപടിഞ്ഞാനാലുകെട്ടിന്നുള്ളിൽ;
വട്ടമിട്ടിരിക്കുന്നു! വെളിയിൽ കാതുപൊരി-
പൊട്ടുന്നശബ്ദംകേൾക്കാം ശ്രദ്ധിച്ചാൽ കൂടെക്കൂടെ!!

നാട്ടിലെമഹാജനമിയാണതിഥേയൻ, തന്റെ-
നാട്ടുകാരോതാറുണ്ടീ വാചകം പലപ്പോഴും:-
“എന്തൊരുമഹാഭാഗ്യശാലിയാണയാൾ”- എന്നാൽ
സന്താനലാഭം മാത്രമിന്നോളമുണ്ടായില്ല.

(ശേഷം 15-ാം പേജിൽ)

(പതിനെട്ടാം പേജില്‍നിന്നും തുടര്‍ച്ച)
യോടുകൂടി സര്‍പ്പത്തെപ്പോലെ ചീറ്റിക്കൊണ്ടു് കൊച്ചുകൃഷ്ണന്‍ അയാളോടടുത്തതും ഒരുമിച്ചുകഴിഞ്ഞു. അവിടെ കൂടിയിരുന്നവര്‍ തടുത്തുമാറ്റിയിരുന്നില്ലെങ്കില്‍ ആ മുതലാളിയുടെ കഥ അതോടുകൂടി തീരുമായിരുന്നു.

iii

മണിക്കൂറുകള്‍ ചിലതു കഴിഞ്ഞു. പോലീസ് ഇന്‍സ്പെക്ടരും കോണ്‍സ്റ്റബിള്‍മാരും സ്ഥലത്തെത്തി. ശവം മഹസ്സര്‍ എഴുതി. ജാനകിക്കുട്ടിയെ താന്‍ കഴുത്തില്‍ ഞെരിച്ചു കൊന്നതാണെന്നു ആ നവീന 'ഒഥെല്ലോ' സ്വയം സമ്മതിച്ചു മൊഴികൊടുത്തു. കൊച്ചുകൃഷ്ണനെ വിലങ്ങുവെച്ചു സ്റ്റേഷനിലേക്കു കൊണ്ടുപോയി. അടിയും ഇടിയും കുത്തുംകൊണ്ടു് ഞെരിഞ്ഞ കൊച്ചുകൃഷ്ണനോടു ഇന്‍സ്പെക്ടര്‍ സഗൗരവം പറഞ്ഞു.

'എടാ! ഇതുകൊണ്ടൊന്നും അവസാനിച്ചു എന്നു വിചാരിക്കണ്ടാ. മനുഷ്യരെ വെറുതെ കൊല്ലുന്നതിനുള്ള അനുഭവം നിന്നെ മനസ്സിലാക്കിയിട്ടേ ശേഷംകാര്യമുള്ളൂ.'

കൊച്ചുകൃഷ്ണന്‍ കൂസല്‍ കൂടാതെ പറഞ്ഞു. 'യജമാനനെ; ഒരാളെ കൊന്നതിനു ഇത്രയോളം ശിക്ഷയുണ്ടെങ്കില്‍ നാലാളെ കൊന്നവനുള്ള ശിക്ഷ എന്തായിരിക്കും.

ആരെടാ അതു്? ഇന്‍സ്പെക്ടര്‍ ഗര്‍ജ്ജിച്ചു. 'ഞങ്ങള്‍ താമസിക്കുന്ന പറമ്പിന്റെ ഉടമസ്ഥന്‍. വര്‍ക്കിയച്ചന്‍ മുതലാളി. അയാള്‍ നാലു പേരെ കൊന്നവനാണു്'.

'മിസ്റ്റര്‍ വര്‍ക്കിയോ! ഇവന്റെ കള്ളു് ഇറങ്ങിയില്ലെ. കൊള്ളാവുന്നവരെക്കുറിച്ചു ദൂഷ്യം പറയുന്നോ' ഇന്‍സ്പെക്ടര്‍ കൃഷ്ണന്റെ ചെവിട്ടില്‍ ആഞ്ഞു് ഒരടികൊടുത്തു.

കൊച്ചുകൃഷ്ണന്‍ കുലുങ്ങാതെ വീണ്ടും പറഞ്ഞു.

'യജമാനനെ! അയാള്‍ സാധുവായ എന്റെ ഭാര്യയെയും അവളുടെ ഗര്‍ഭത്തിലിരുന്ന അയാളുടെ കുഞ്ഞിനെയും എന്നെയും അയാളുടെ ഭാര്യയെയും വഞ്ചിച്ചവനാണു്. ഞങ്ങളുടെ ജീവിതത്തിന്റെ മധു അയാള്‍ നശിപ്പിച്ചു ഞങ്ങളെ ശവപ്രായരാക്കി.

ഇന്‍സ്പെക്ടരുടെ ജിജ്ഞാസ വര്‍ദ്ധിച്ചു. 'വളച്ചുകെട്ടൊന്നും കൂടാതെകാര്യം നേരെ പറയെടാ! അയാള്‍ കുറെ ശാന്തമായി പറഞ്ഞു.

കൊച്ചുകൃഷ്ണന്‍ പറഞ്ഞു.

യജമാനനെ: എന്റെ കഥയൊന്നു ക്ഷമയോടുകൂടി ആലോചിച്ചു നോക്കണേ! എനിക്കു മരിക്കുവാനോ ശിക്ഷ ഏല്‍ക്കുവാനോ യാതൊരു മടിയുമില്ല. വധശിക്ഷ നിറുത്തിയതാണു് കൂടുതല്‍ വിഷമം. എനിക്കു ഒരു നിമിഷംപോലും ഇനി ജീവിക്കണമെന്നാഗ്രഹമില്ല.

ഞാന്‍ ജാനകിക്കുട്ടിയെ കൊണ്ടുവന്നതു ആറേഴുമാസം മുമ്പാണു്. അവളെ ഞാന്‍ കണ്ണിലുണ്ണിയായ ഓമനിച്ചു സ്നേഹിച്ചു. അവളായിരുന്നു എന്റെ സന്തോഷം മുഴുവന്‍. അവള്‍ക്കുള്ള അലങ്കാരങ്ങള്‍ പോരെന്നു എനിക്കു തോന്നിയതിനാല്‍ ഞാന്‍ കൂടുതല്‍ വരുമാനം ആഗ്രഹിച്ചു സിലോണില്‍ പോയി. ആശിച്ചിടത്തോളം പണവും കൊണ്ടു ഇന്നലെ ഞാന്‍ തിരിച്ചെത്തി. പക്ഷെ! എന്റെ തലവിധി! അവള്‍ ഗര്‍ഭിണിയാണെന്നു എനിക്കു സംശയംതോന്നി. ചോദിച്ചതില്‍ അവള്‍ക്കു 3 മാസം ഗര്‍ഭമാണെന്നും ആ കൊലപാതകി വര്‍ക്കിയച്ചനാണു് കാറക്കാരന്‍ എന്നും എന്റെ പാവപ്പെട്ട ഭാര്യ സമ്മതിച്ചു. സംഗതി ഉണ്ടായവിധം അവള്‍ എന്നോടു് തുറന്നു പറഞ്ഞു. ഒരു രാത്രി അയാള്‍ ഞങ്ങളുടെ പുരയില്‍ കയറിച്ചെന്നു ജാനകിക്കുട്ടിയെ അലട്ടുവാന്‍ തുടങ്ങി. അവള്‍ പേടിച്ചു അമ്മയുടെ അടുക്കല്‍ ഓടിച്ചെന്നു. കാര്യം മനസ്സിലാക്കിയ അമ്മ പറഞ്ഞു. "മോളെ! അവരൊക്കെ വലിയ ആളുകളല്ലേ! നമ്മളെ പറമ്പില്‍ നിന്നിറക്കി വിട്ടാലെന്തു ചെയ്യും. തെരുവു തെണ്ടേണ്ടി വരും". ഞങ്ങളും ചെറുപ്പത്തില്‍ ഇങ്ങനെയൊക്കെയാ കഴിഞ്ഞതു്" പാവം! ജാനകിക്കുട്ടി അയാള്‍ക്കു് അടിമപ്പെട്ടു.

യജമാനനെ! ഈ സംഗതി അറിഞ്ഞതോടുകൂടി ഒരു പിടിത്തീ എന്റെ മനസ്സില്‍ കൂടി കടന്നുപോയി. ഇനി ഞാനും അവളും ജീവിക്കേണ്ടില്ലെന്നു ഞാന്‍ നിശ്ചയിച്ചു. എനിക്കുള്ള ബലം മുഴുവന്‍ പ്രയോഗിച്ചു ഞാന്‍ അവളുടെ കഴുത്തു ഞെരുക്കി. അവള്‍ എന്റെ മുഖത്തു നോക്കി ആനന്ദത്തോടുകൂടി മരിച്ചു. എനിക്കു തൃപ്തിയായി. നേരെ ഞാന്‍ അടുക്കളയില്‍ ചെന്നു അമ്മയെ വിളിച്ചുണര്‍ത്തി ചോദിച്ചു. അമ്മെ! വര്‍ക്കി ഇതിനകത്തു് കടക്കുവാന്‍ അമ്മ സമ്മതിച്ചോ? എന്റെ ചോദ്യത്തിലുള്ള അനാദരവും കോപവും അവജ്ഞയും അമ്മയെ ശുണ്ഠിപിടിപ്പിച്ചു.

യജമാനനെ! ഒരു കോഴിക്കുപോലും അതിന്റെ പിടയെ കാക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടു്. സ്ഥലമുണ്ടു്. ഞങ്ങള്‍ സാധുക്കള്‍ പക്ഷികളെക്കാളും മൃഗങ്ങളെക്കാളും നികൃഷ്ടര്‍ അവന്‍ കരഞ്ഞുകൊണ്ടു തുടര്‍ന്നു—ഞങ്ങള്‍ക്കു് ഞങ്ങളുടെ കുടുംബങ്ങളെയും കൊണ്ടു് ഒരു കുടില്‍ വച്ചു് സ്വാതന്ത്ര്യമായി താമസിക്കുവാന്‍ ഈ മാതിരി മുതലാളിമാരില്‍ നിന്നും രക്ഷപെടുവാന്‍ അര സെന്റു സ്ഥലം വീതം ഗവര്‍മ്മെന്റു തന്നിരുന്നെങ്കില്‍!

പുസ്തകാഭിപ്രായം

# കൂത്തമ്പലം

ഗ്രന്ഥകർത്താവ് ഇ. എം. കോവൂർ.

പ്രസാധകർ നാഷനൽ ബുക്ക്ഡിപ്പോ കോട്ടയം

വില ക. ഒന്ന്

കാറ്റുംകോളുംകായലിൽ “പ്യൂണോ”‘തെണ്ടക്കാർ’ “സമ്പന്നബന്ധുക്കൾ” “സാഹിത്യതൊട്ടിലേവല” ഇങ്ങനെയുള്ള തലക്കെട്ടുകളോടുകൂടിയ പന്ത്രണ്ടോളം ഉപന്യാസങ്ങളുടെ സമാഹാരമാണ്, കൂത്തമ്പലം. ഫലിതമയങ്ങളായ ഉപന്യാസങ്ങൾകൊണ്ട് മി. വി. കൃഷ്ണപിള്ള കേരളീയൎക്ക സുപരിചിതനായിത്തീൎന്നു. അത്തരം ഒരു മണ്ഡലത്തിൽ പ്രകാശിക്കുന്നതിനാണ് മി. കോവൂരിന്റെയും ശ്രമം. അവതാരികാകാരൻ ഇക്കാൎയ്യത്തിൽ അദ്ദേഹത്തിനു് ഒരു സർട്ടിഫിക്കേറ്റും നൽകുന്നു. “പരേതനായ ഈ. വി. കൃഷ്ണപിള്ളയ്ക്കു കൃത്രിമത്വം എന്ന ദോഷം കലശലായുണ്ടായിരുന്നു എന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്. മി. കോവൂരിനു് ഇ. വി. യുടെ സഹചരിത്വത്തിൽ അതു പകർന്നിട്ടില്ലെന്നു തീർച്ചയാണ്.”

സോദ്ദേശപരങ്ങളായ സാഹിത്യ നിൎമ്മാണങ്ങളിൽ ഹാസ്യരസത്തിനു പ്രബലമായ ഒരു സ്ഥാനമുണ്ട്. ചാക്യാർ കൂത്ത്, നമ്പ്യാരുടെ തുള്ളൽ കഥകൾ മുതലായ ഗ്രന്ഥങ്ങളിലെല്ലാം ഹാസ്യം വളരെയധികം സ്വാധീനശക്തി ചെലുത്തിയിട്ടുള്ളതായി കാണാം. വിശ്വത്തെ നിരൂപണം ചെയ്തു രസിപ്പിക്കുന്ന പണ്ഡിതന്മാരെ വിദൂഷകന്മാർ എന്നപേരിൽ നാടകീയകൃതികളിൽ നിന്നു നാം പരിചയപ്പെട്ടിട്ടുണ്ട്. സാമുദായികദൂഷ്യങ്ങൾ ചൂണ്ടിക്കാണിക്കുവാനും അഭിപ്രായാന്തരങ്ങൾ സുവ്യക്തമാക്കുവാനും പ്രസ്തുതരസം തത്ത്വവേദികളായ കഥാകാരന്മാൎക്ക വളരെയധികം ഉപകരിച്ചിട്ടുണ്ട്. ഹാസ്യം, വിദ്വേഷരഹിതമായും, യുക്തിയുക്തമായും സന്ദർഭശുദ്ധികൊണ്ട് മനോഹരമായും, ഉപയോഗിച്ചാൽ ഫലിതമായി. അതു സോദ്ദേശപരവും രൂക്ഷവുമായി തീരുമ്പോൾ പരിഹാസമായി. ഫലിതം വ്യക്തിപരമല്ല. വൈരജനകവുമല്ല. ഫലിതം ചിരിപ്പിക്കുമ്പോൾ പരിഹാസം വേദനിപ്പിക്കുകൂടി ചെയ്യുന്നു. പരിഹാസം വ്യക്തികളിൽ നിന്നകന്നു വൎഗ്ഗങ്ങളിൽ പ്രവേശിക്കുന്നതാണ് യുക്തമായ സഞ്ചാരമാൎഗ്ഗം ഈ മണ്ഡലങ്ങളിൽ അടുത്തകാലത്തു വൈദഗ്ദ്ധ്യത്തോടുകൂടി പ്രവൎത്തിച്ച ഒരു അനുഗ്രഹീതനാണ് സഞ്ജയൻ.

കൂത്തമ്പലത്തിൽ ഫലിതത്തിനല്ല, പരിഹാസത്തിനാണ് പ്രാമാണ്യം. ചെറിയ ഒരു പരിഹാസച്ചുവയുമായി മി. കോവൂർ കൂത്തമ്പലത്തിൽ നിന്നു ശബ്ദം കൂട്ടുന്നു. ഫലിതത്തിന്റെ പണമിടകൾ കണ്ടുപിടികാണിക്കുവാനുള്ള ശ്രമത്തിൽ അദ്ദേഹം പലപ്പോഴും അനുകമ്പാർഹനായി തീൎന്നിട്ടുണ്ട്. ലോകം വമ്പിച്ച പരിവൎത്തനങ്ങളുടെ പടിവാതിൽക്കൽ നിൽക്കുമ്പോൾ പഴയ ചില കൈമുതലുകളിൽ ശ്രദ്ധിച്ചുകൊണ്ട് അദ്ദേഹം അങ്ങനെ നിൽക്കുകയാണ്. തനിക്കു ഇഷ്ടമില്ലാത്ത മാറ്റങ്ങളുടെ മുമ്പിൽ ഒന്നേ അദ്ദേഹത്തിനു ചെയ്യാനുള്ളു; പരിഹാസഭാണ്ഡം അഴിക്കൽ. എന്നാൽ മാറ്റങ്ങൾക്കാകട്ടെ അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ വകവെക്കുവാൻ ഭാവവുമില്ല. തന്റെ കയ്യിൽ കുറച്ചു ഫലിതമിരിപ്പുണ്ടെന്നും അതു പകൎന്നുകൊടുത്തു ആരെയും വിനോദിപ്പിച്ചുകൊള്ളാമെന്നും അദ്ദേഹം വിശ്വസിക്കുന്നു. സുഖദുഃഖങ്ങളിൽ അദ്ദേഹത്തിനു രണ്ടാമതൊന്നുമായി യാതൊരു ഇടപാടുമില്ല. ചിരി കരച്ചിൽ ഇവയിൽ കരച്ചിൽ അദ്ദേഹത്തിനു കാണുകയേ വേണ്ട. വേദനയുമായി ബന്ധപ്പെട്ടു നിൽക്കുന്ന സകല നിൎമ്മാണത്തെപ്പറ്റിയും മി. കോവൂരിനു വളരെയധികം പരാതികളുണ്ട്. അദ്ദേഹം ചോദിക്കുന്നു “നേരം വെളുത്താൽ വൈകുന്നതുവരെ അപമരണങ്ങളെപ്പറ്റിയും അപത്തുകളെക്കുറിച്ചും മൎമ്മഭേദകങ്ങളായ സംഭവങ്ങളെ സംബന്ധിച്ചും മാത്രം കേൾക്കുവാൻ സ്വാകൎയ്യമുള്ള ഈ ലോകത്തിൽ കവിതകൾ മുഖാന്തരവും കൂടി മനുഷ്യരെ വേദനപ്പെടുത്തുവാൻ തുടങ്ങുന്നതു എത്ര അക്രമമാണ്. എന്തു് അനീതിയാണ്” എന്നു് സാഹിത്യ സൃഷ്ടിയെ വേദനയുമായി ബന്ധപ്പെടുത്തുവാൻ അദ്ദേഹം തയ്യാറില്ല. തയ്യാറില്ലെന്നു തന്നെയല്ല അതു് അസംബന്ധമാണെന്നുകൂടി അദ്ദേഹം വാദിക്കുന്നു. ഈ വീക്ഷണകോണത്തിൽകൂടി നോക്കിയാൽ വിക്ടർഹ്യൂഗോ മുതലായ വിശ്വസാഹിത്യകാരന്മാരിൽപ്പലരെയും എന്നു വച്ചാൽ ഫലിതം പറഞ്ഞു ചിരിപ്പിക്കുവാൻ ഒരുങ്ങാഞ്ഞ എല്ലാം സാഹിത്യകാരന്മാരെപ്പറ്റിയും മി. കോവൂരിനു വെറുപ്പുണ്ട്.

ചിരിയിളക്കി സാഹിത്യകാരന്മാരുടെ ചേരിയിൽ ഒരു നേതാജിയായി നിന്നുകൊണ്ടു അദ്ദേഹം ചോദിക്കുന്നു—“പല്ലുവേദന സഹിയാതെ കരയുന്നകുട്ടിയെ തവളച്ചാട്ടം ചാടിക്കാണിച്ചു രസിപ്പിച്ചു മോണയിലെ വേദനകുറയ്ക്കും” ശമിപ്പിച്ചുകൂടെ എന്നു് “ചില സർക്കസ്സുവേലകൾ കാണി

ച്ചു കാണികളുടെ ശ്രദ്ധയെ അൽപനേരത്തേക്കെങ്കിലും തിരിച്ചു സമാധാനമായി വച്ചുകൊണ്ടിരിക്കുന്നതിനു സഹായിക്കുന്നവരെ ഹസിക്കാതിരിക്കട്ടെ" എന്നു്. വേദനകൊണ്ടു് ഉഴലുന്നവരായ ആളുകളുടെ ആട്ടക്കൻ മി. കോറ്വൂർ കാഴ്ചവയ്ക്കുന്ന നിർമ്മാണ കലകളാണു; തവളച്ചാട്ടങ്ങളും സർക്കസ്സുവേലകളും. ഇതാണു് അദ്ദേഹത്തിന്റെ ആത്മബന്ധം. പക്ഷെ എന്തു ചെയ്യാം; ഒരുകൂട്ടം അദ്ദേഹത്തോടു പറയുന്നു. അല്ലയോ സാഹിത്യകാരാ, ഞങ്ങൾക്കു നിങ്ങൾ പറയുന്നതുകേട്ടു ചിരിക്കാൻ സാധിക്കുന്നില്ല. ഈ തവളച്ചാട്ടത്തിന്റെയും സർക്കസ്സുവേലകളുടെയും അപ്പുറത്തു നിങ്ങളിൽനിന്നു വല്ലതും ഞങ്ങൾ പ്രതീക്ഷിക്കേണ്ടതുണ്ടോ നിങ്ങൾ മനസ്സിലാക്കുക. നിങ്ങളെപ്പോലെ ചുരുക്കം ചില ഭാഗ്യവാന്മാർ ചിരിക്കുന്നുണ്ടു്- ഗൃഹഭിത്തികൾക്കുള്ളിൽ തല്ലിയലച്ചുവീഴുന്ന ചിരിയെക്കാൾ വ്യാപാരശക്തിയും അർത്ഥവും ഞങ്ങളുടെ ഈ കണ്ണുനീർത്തുള്ളികൾക്കാണു്. വേദനകൊണ്ടു് ഞങ്ങൾ തളരുമ്പോൾ നിങ്ങളുടെ ഈ തവളച്ചാട്ടം ആവശ്യമില്ല. മറ്റൊരു ഉപന്യാസത്തിൽ അദ്ദേഹം പറയുന്നു.—

"ചാണകംതിന്നുന്ന സന്യാസിമാരുണ്ടെന്നു മിസ്സ് മേയോ പറയുന്നു, ഞാൻ കണ്ടിട്ടില്ല. പക്ഷെ ഞാൻ വേറൊരു കൂട്ടരെ സമൃദ്ധിയായി കാണുന്നു. ചപ്പും കുപ്പയും കീറത്തുണിയും തീരാവ്രണവും കരപ്പനും ശൂലയും വൃത്തികേടും മനംമറിച്ചിലും എല്ലാം പാൽപ്പായസംപോലെ കരുതുന്ന കുറെ സാഹിത്യകാരെ. ഒരു ചെറാക്കെട്ടിലാണു് ഇവരുടെ മാറാത്ത സാഹിത്യരംഗം."

ഈ ചപ്പിലേക്കും കുപ്പയിലേക്കും, കീറത്തുണികളിലേക്കും നോക്കിപ്പോകുന്ന കലാപ്രവണതക്കു മി. കോറ്വൂരിന്റെ സാഹിത്യനാഗരികത നൽകുന്ന പേരു് "സാഹിത്യത്തോട്ടിവേല"യെന്നാണു്. ചപ്പും കുപ്പയും മനംമറിച്ചിലും ഒന്നും ഇല്ലാത്ത അന്തരീക്ഷത്തിൽത്തന്നെ അദ്ദേഹത്തിനു ജീവിക്കാൻ സാധിക്കുന്നു. അതു് അദ്ദേഹത്തിനു് ഈ തവളച്ചാട്ടങ്ങൾക്കും സർക്കസ് വേലകൾക്കും കഴിവുള്ളതുകൊണ്ടായിരിക്കണം. ഏതായാലും അദ്ദേഹത്തിന്റെ ഈ സാഹിത്യാരോഗ്യം പ്രശംസനീയംതന്നെ.

പ്രസ്തുത ഉപന്യാസത്തിൽ അദ്ദേഹം മറ്റൊരിടത്തു ചോദിക്കുന്നു.—"സോഷ്യലിസം നടപ്പിൽവരുത്തുവാനുള്ള ഒരു പ്രഥമ കാര്യപരിപാടിയായിട്ടാണു് ചിലർ ഇത്തരം സാഹിത്യസന്തതികളെ പ്രസവിക്കുന്നതു്." "സോഷ്യലിസം എന്നുവച്ചാൽ എന്താണെന്നു വല്ല ഗന്ധവുമിവർക്കുണ്ടെങ്കിൽ ആ സ്വർഗ്ഗാവസ്ഥ വരുത്തിക്കൂട്ടുവാൻ മറ്റുകാര്യങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള സാഹിത്യത്തെ ഇവരെന്തിനു ദുരുപയോഗംചെയ്യുന്നു"

സോഷ്യലിസ്സം എന്താണെന്നു നല്ലവണ്ണം പഠിച്ചുവച്ചിട്ടുള്ള ഒരാളാണു മി. കോറ്വൂർ. അതു് ഒരു സ്വർഗ്ഗാവസ്ഥയാണെന്നും അദ്ദേഹം വിശ്വസിക്കുന്നുണ്ടു്. പക്ഷെ അതിനു സാഹിത്യമെന്തുവേണമെന്നാണു് അദ്ദേഹത്തിന്റെ ചോദ്യം. സാഹിത്യം അദ്ദേഹം മറ്റു കാര്യങ്ങൾക്കായി മാററിവച്ചിരിക്കുകയാണു്. മറ്റു കാര്യങ്ങൾ എന്നു പറഞ്ഞാൽ പഴയ ചില കൈമുതലുകൾ സൂക്ഷിക്കലിനും തവളച്ചാട്ടങ്ങൾക്കും സർക്കസ്സുവേലകൾക്കും!! സോഷ്യലിസത്തിൽനിന്നു സാഹിത്യത്തെയും, സാഹിത്യത്തിൽനിന്നു വേദനയേയും, വേദനയിൽനിന്നു ജീവിതത്തെയും അദ്ദേഹത്തിനു മാററിനിറുത്തുവാൻ കഴിയും. അതാണു് ആ സാഹിത്യകാരന്റെ ആരോഗ്യം. അദ്ദേഹം തുടരുന്നു —"ഏതായാലും വൃത്തികേടിന്റെ ഈ പൗരോഹിത്യം അവസാനിക്കേണ്ടിയിരിക്കുന്നു. മുറിവും ചതവും ചലവും വ്രണവുമെല്ലാം സാഹിത്യക്ഷേത്രത്തിൽ കടക്കാതെ ആശുപത്രിക്കു പറഞ്ഞയക്കേണ്ടിയിരിക്കുന്നു"

മുറിവും ചതവും വ്രണവുമെല്ലാം കണ്ടാൽ മി. കോറ്വൂരിനു് ഓക്കാനമാകും. അദ്ദേഹം അവരെ ആശുപത്രിക്കു പറഞ്ഞയയ്ക്കും. എന്നാൽ ചില സാഹിത്യകാരന്മാർ അങ്ങനെ ചെയ്യുന്നില്ല. അവർ ആശുപത്രികളായിത്തീരുന്നു. ലോകത്തിൽ ചിരിക്കാനുള്ളതേ അദ്ദേഹത്തിനു കാണേണ്ടു. ചിരിപ്പിക്കാനുള്ളതിനെ അദ്ദേഹം ശ്രമിക്കൂ. ജീവിതത്തിന്റെ ചെറിയതരം ചില സ്പന്ദനങ്ങളെ ചിലെടുത്തു മി. കോറ്വൂർ ഭംഗിയായി വ്യാഖ്യാനിച്ചിട്ടുണ്ടു്. ഉപദ്രവകാരായ ഒരുതരം "ചൂഷകരെ" അദ്ദേഹം ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. അതുപോലെ 'കസിനും' നന്നായിട്ടുണ്ടു്. എന്നാൽ ജീവിതവുമായി നേരിട്ടുനിന്നു സംസാരിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അദ്ദേഹത്തിന്റെ ചിന്താഗതിതന്നെ കൂത്തമ്പലത്തിലെ ഉപന്യാസങ്ങളിൽ പലേടത്തും പൂർവ്വാപര വൈരുദ്ധ്യത്തോടുകൂടി സഞ്ചരിക്കുന്നു.

കണ്ണുനീർ എന്ന ഉപന്യാസത്തിൽ ഒരിടത്തു് ബാഷ്പ നിർമ്മാണത്തിനിറങ്ങുന്ന സാഹിത്യകാരന്മാരെപ്പററി അദ്ദേഹം സമാധാനം പറയുന്നു— "മനുഷ്യസ്നേഹം ഒന്നുകൊണ്ടു മാത്രമാണു് അതിനു് അവർ ഇറങ്ങി പുറപ്പെടാത്തതു്." പ്രസ്തുത ഉപന്യാസത്തിൽത്തന്നെ മറ്റൊരിടത്തു പറയുന്നു—"സാഹിത്യം ഒരു വലിയ ചുറനുള്ളിയാണു്. കണ്ണുകൾ നിറയ്ക്കാൻ അതിനുള്ള സാമർത്ഥ്യം ഒന്നു പ്രത്യേകം തന്നെയാകുന്നു". "ഇരുപതിനാലുവൃത്തത്തിലെ മമതരുണി സീതയെപ്പ

റി വായിക്കുമ്പോൾ കണ്ണുനീരിൽ പെടാത്തവർ കാണുമോ എന്നു കണ്ടറിയേണ്ടിയിരിക്കുന്നു.” “ബലഹീനന്റെ കണ്ണുനീരിനെപ്പററി അത്ര ബഹുമാനം ഉണ്ടായിരിക്കേണ്ട ആവശ്യമില്ല”. നേരെ മറിച്ചു മുസ്സോലിനി കരയുന്നപക്ഷം നാം ശരോവസ്ത്രം അഴിച്ചു കൈയിൽ സൂക്ഷിക്കണം”.

“മോട്ടിലാലിന്റെ ശവമഞ്ചം ഉയർത്തിയപ്പോൾ മഹാത്മജിയുടെ കണ്ണുകളിൽ ഉതിർന്ന ജലകണങ്ങളാകുന്നു യഥാർത്ഥ കണ്ണുനീർ. അല്ലാതെ വെറും ചുവന്നുള്ളി പ്രയോഗിച്ചു വരുത്തുന്ന വെറും നയനജലമല്ല ബുദ്ധിമാന്മാരെ ആകർഷിക്കുന്ന യഥാർത്ഥ കണ്ണുനീർ.” അദ്ദേഹത്തിന്റെ കണ്ണുനീർ ഹൃദയത്തെയല്ല ബുദ്ധിയെയാണു് ആശ്രയിക്കുന്നതു്.

കായംകുളം കായലിൽ എന്ന പ്രഥമോപന്യാസം തുടങ്ങുന്നതു് ഇങ്ങനെയാണു്.

“ഒന്നാലോചിക്കുക കായംകുളം കൊച്ചുണ്ണിയുടെ പ്രയോഗരീതികൾ എത്ര നേരും നെറിയുമുള്ളതായിരുന്നു. കാപട്യരാഹിത്യവും സുവ്യക്തതയുമായിരുന്നു അവയുടെ പ്രധാന വിശേഷം” “പിടിച്ചു പറിക്കുവാനല്ലെന്നുള്ള ഭാവേന അയാൾ നാലു കാശു പോലും ഒരിക്കലും സമ്പാദിക്കയുണ്ടായിട്ടില്ല”.

കായംകുളം കൊച്ചുണ്ണിയുടെ തൊഴിലിനോടു് ഒപ്പമുള്ള തൊഴിൽക്കാരായി ഒരിടത്തു് അദ്ദേഹം ഡാക്ടരന്മാരെ അവതരിപ്പിക്കുന്നു. കൊച്ചുണ്ണി മനുഷ്യരെ ഭയപ്പെടുത്തി പണം അപഹരിച്ചു. എന്നാൽ ഡാക്ടർ മനുഷ്യനു രോഗഭയത്തിൽ നിന്നു മുക്തി നൽകി പണം വാങ്ങുമ്പോൾ അതു് എങ്ങനെ കൊച്ചുണ്ണിയുടെ തൊഴിലായിത്തീരും? ഒന്നു ഭയത്തിന്റെ ദാനവും മറേറതു ഭയത്തിൽ നിന്നുള്ള രക്ഷണവുമാണു്. മി. കോവൂർ കൊച്ചുണ്ണിയുടെ അപഹരണവിദ്യയെ പ്രശംസിക്കുവാൻ കാരണം പിടിച്ചു പറിക്കുവാനല്ലെന്നുള്ള ഭാവേന അയാൾ ഒരിക്കലും അപഹരണം നടത്തിയിട്ടില്ല എന്നുള്ളതുകൊണ്ടാണു്. കൊച്ചുണ്ണി അപഹരണം നടത്തിയതു് ധനപതികളുടെ ധനത്തിൽ ഒരംശംകൊണ്ടു് ദരിദ്രരെ സഹായിക്കാനായിരുന്നു എന്നു പറഞ്ഞാൽ അതു മനസ്സിലാക്കാം. എന്നാൽ ആ അപഹരണത്തെ പ്രശംസിക്കുന്നതു് അയാൾ അതു തുറന്നു തന്നെ സമ്മതിക്കുമായിരുന്നു എന്നുള്ളതുകൊണ്ടാണെന്നു വരുത്തിയാൽ അതു് വളരെ വിചിത്രമായിത്തീരും. ചങ്കരച്ചാർ കോമച്ചാരുടെ പുരയിടത്തിൽ ബലമായി കയറി കോമച്ചാരുടെ ഭാര്യയെയും കുട്ടികളെയും തല്ലി നാട്ടുവഴിയിലാക്കിയെന്നിരിക്കട്ടെ. പാവം കോമച്ചാർ പരാതിപ്പെടുന്നു എന്നും വിചാരിക്കുക. എങ്കിൽ മി. കോവൂർ ചങ്കരച്ചാർക്കു് മാപ്പുകൊടുത്തു് അയാളെ പ്രശംസിക്കാൻ ഇത്രമാത്രമെ വേണ്ടു. ചങ്കരച്ചാർ തുറന്നു പറയണം. ഞാൻ അവന്റെ പുരയിടത്തിൽ കയറിയതു് അപഹരിക്കാൻ തന്നെയാണു്. അവന്റെ ഭാര്യയെയും കുട്ടികളെയും തല്ലിയതു് അവർക്കു് വേദനിക്കാൻ തന്നെയാണു്. അതു് ചെയ്യുമ്പോൾ എന്റെ മുഖത്തു് മന്ദസ്മിതം ഇല്ലായിരുന്നു.

ആകെപ്പാടെ ചിന്തിക്കുമ്പോൾ മി. കോവൂരിന്റെ സാഹിത്യസേവനവും യഥാർത്ഥ്യങ്ങളും തമ്മിൽ വളരെയധികം പൊരുത്തക്കുറവുകൾ കാണുന്നുണ്ടു്. ഒരു കലാകാരൻ നിർഭയചിന്തകളോടുകൂടി യഥാർത്ഥ്യങ്ങളിലേയ്ക്കു ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. ഒരു യഥാർത്ഥ സാഹിത്യകാരനു് അയാളുടെ അന്തരീക്ഷത്തിലെ രാഷ്ട്രീയങ്ങളും, സാമ്പത്തികങ്ങളും, സാമൂഹ്യങ്ങളുമായ പ്രശ്നങ്ങളിൽ വളരെയധികം ആത്മാർത്ഥതയുണ്ടായിരിക്കണം. ഈ യഥാർത്ഥ പ്രശ്നങ്ങളുമായി ബന്ധമില്ലാതെ സാഹിത്യത്തെ “മറവുകാഴ്ചകൾ” ആയി നീക്കിവച്ചിരിക്കുന്ന പല സാഹിത്യകാരന്മാരെയും ഈ നാട്ടിൽ കാണാൻ കഴിയുന്നു. സർക്കാരുദ്യോഗവും സാഹിത്യസേവനവും ഒരുപോലെ പോഷിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ പുറവേലി കടന്നു് നാട്ടുവഴിയിൽ ഇറങ്ങിനിന്നു് ഒരുതരം മഞ്ഞക്കണ്ണാടി വച്ചു പ്രപഞ്ചത്തെ വ്യാഖ്യാനിക്കാതിരിക്കട്ടെ. ഇത്തരം സാഹിത്യവും യഥാർത്ഥമായ കലയും തമ്മിൽ സർക്കാർരൂപയും ബ്രിട്ടീഷ് രൂപയും പോലുള്ള വ്യത്യാസമുണ്ടു്. ഒന്നു സർക്കാരിനുവേണ്ടി ഭാവനയിൽമാത്രം. ശുദ്ധമാ രൂപമേ സൃഷ്ടിക്കാൻ അവശ്യപ്രാപ്തിയുമില്ല.

പൊൻകുന്നം വർക്കി.

# ഇടത്തരക്കാർ ആരുടെ കൂടെ?

(എം. ബാലകൃഷ്ണൻ)

പ്രാചീനകാലത്ത് സമ്പൽസമൃദ്ധിയുടെ വിജയോന്മത്തമായ വിളനിലമായിരുന്ന ഭാരതഭൂമി ഇന്നു ഭീകരമായ പട്ടിണിയുടെയും നിഷ്ഠൂരമായ ക്ഷാമത്തിന്റെയും തൊഴിലില്ലായ്മയുടെയും അസഹ്യമായ ആപത്തുകളുടെയും നടനാലയമായിരിക്കുകയാണ്. ഇത്തരം പരിതോവസ്ഥകളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടാണ് പതിതരായ ഭാരതപിതൃക്കളും ജനമണ്ഡലം അവരുടെ ദുരവസ്ഥാപരിഹാരത്തിനും അവകാശസ്ഥാപനത്തിനുംവേണ്ടി ഗംഭീരമായ അമൂല്യമായ, അധൃഷ്യമായ ഒരു സമരത്തിനു സന്നദ്ധതയെടുക്കുന്നതു്. അവർ ഒരഗ്നിപരീക്ഷണത്തെ അഭിമുഖീകരിക്കുകയാണ്. ഓരോ ജനവിഭാഗത്തിന്റെയും ഭാവി നിർണ്ണയിക്കുന്നതിൽ ഒരു പ്രമുഖപദവി ഈ ഘട്ടത്തിന്റെ വിജയത്തിൽ അന്തർല്ലീനമായി സ്ഥിതിചെയ്യുന്നുണ്ട്. ഓരോ പക്ഷം വ്യക്തമായി അണിചേർന്നു നില്ക്കാതെ നിർവ്വാഹമില്ല. ഓരോ അണിയും അടിയുറച്ച് അടർക്കളത്തിലേക്ക് പ്രവഹിക്കുകയാണ്. എവിടെയും സമരത്തിന്റെ സാന്ദ്രമന്ദ്രധ്വനി, ആവേശകരമായ കാഹളധ്വാനം! ചില ദിക്കിൽ പണിമുടക്ക്, ചിലേടത്തു കർഷകസമരം, സ്കൂളുകളിലും കോളേജുകളിലും പഠിപ്പുമുടക്കം, ഹർത്താൽ പ്രകടനം! പൊതുയോഗം! ഉപവാസം; സർവ്വത്ര പുളകോദ്ഗമകാരിയായ സ്മരണീയരംഗങ്ങൾ. അലയാഴി ആത്മഗീതങ്ങൾ മുഴക്കി അനുഗ്രഹിച്ചു. അംബരം അഭ്രശകലങ്ങളാൽ പുഞ്ചിരി തൂകി. തെന്നൽ ആശ്വാസത്തിന്റെ ആലിംഗനങ്ങളാൽ അമൃതം തളിച്ചു. തരുലതാദികൾ പൂത്തു പുളകമോടി. കാട്ടി അനുമോദിച്ചു.

നിക്ഷിപ്ത താല്പര്യം, അധികാരിവർഗ്ഗം സംഹാരഹസ്തം ഓങ്ങി. തോക്കുകൾ തുപ്പി; ടിയർ ഗ്യാസ് പരന്നുപാഞ്ഞു. പിഞ്ചുവക്ഷസ്സുകൾ വെടിക്കു മുമ്പിൽ വിടർത്തിക്കാട്ടി. വിവിധധ്വജങ്ങൾ പൊങ്ങിപ്പറന്നു. രണ്ടാദർശങ്ങൾ തമ്മിൽ രണ്ടു താല്പര്യങ്ങൾ തമ്മിൽ നിസ്സീമമായ സംഘട്ടനങ്ങൾ; മർദ്ദകനും മർദ്ദിതനും തമ്മിൽ പണക്കാരനും പണിക്കാരനും തമ്മിൽ മരണവും ജീവിതവും തമ്മിൽ ഏറ്റുമുട്ടലുകൾ ആരംഭിച്ചുകഴിഞ്ഞു.

ഈ സമരത്തിൽ ആർ ജയിക്കുമെന്ന പ്രശ്നത്തിനു് ഇടത്തരക്കാർ (Middle class) ആരുടെകൂടെ ചേരുമെന്നതിനെ ആശ്രയിച്ചാകുന്നു സമാധാനം സ്ഥിതിചെയ്യുന്നതു്. 'ഇടത്തരക്കാർ' എന്ന വിവക്ഷകൊണ്ടുദ്ദേശിക്കുന്നതു താഴെപ്പറയുന്നവരെയാണ്. ചെറുകിടമുതലാളികൾ, ചെറുവ്യാപാരികൾ, ചായക്കടക്കാർ, ക്ലാർക്കുകൾ, ബുദ്ധിജീവികൾ, അദ്ധ്യാപകർ, വൈദ്യന്മാർ ഇതുപോലെ പണക്കാരനും പണിക്കാരനും മദ്ധ്യ

---

(10-ാം പേജിൽനിന്നും തുടർച്ച)

കാരണം കവടിവെച്ചവസാനത്തിൽ പ്രശ്ന-
കാരകൻ ചൊന്നു 'കറോസൽകർമ്മം ചെയ്യപാറു'!
വൈദികലോകം ചൊന്നതക്ഷരം പ്രതിതെറ്റാ-
തുള്ളിഷ്ടകാര്യപ്രാപ്തിസ്ഥലിമിസ്സ്യയാണയാൾ:

II

വേലിസ്സൽനിന്നാൽക്കാണാം തെല്ലദൂരത്തായൊരു
കൃഷിവേലക്കാരന്റെ ഓലകെട്ടിയമാടം.
ലോകത്തിൻ തമോഭാരമൊക്കെയും കുടിച്ചൊന്നാ-
കാരമാർന്നൌദ്ധത്യം കാട്ടിനിന്നിടും പോലെ
പല്ലുപൂടവും വന്നുതീർന്നിട്ടില്ലതിൽക്കാണാം
പറക്കാനറിയാത്ത മൂന്നാലുകുഞ്ഞുങ്ങളെ.
പട്ടിണിപ്പാവത്തിന്റെ പുല്ലുമാടത്തിൻചുമരാ-
തൊട്ടുപോയെന്നാൽ കഞ്ഞാണെന്തൊരുമഹാപാപം
വീട്ടുകാരനിന്നൊരുനാളായിട്ടെങ്ങും വേല-
കിട്ടാതെ കഴികയാണവനാണവർക്കച്ഛൻ.
ഏതാണ്ടുമദ്ധ്യാഹ്നമായെങ്കിലും മാടത്തിലേ
മാതാവുപായിൽനിന്നെഴുന്നേറ്റിട്ടില്ല.
ഒന്നരാടനേകഞ്ഞിവെയ്ക്കുള്ളപതിവാണ-
തന്നേതുമാമാടത്തിൽ തീകൂട്ടിയിട്ടേയില്ല.
സാന്ത്വനിപ്പിച്ചുതള്ളകരയും കുഞ്ഞുങ്ങളെ
"സദ്യയാണവിടിന്നുവല്ലതും ചെന്നാൽക്കിട്ടും"!

X X X

അക്കൊച്ചുകുഞ്ഞുങ്ങൾക്കുവേണ്ടിയായ്,
വാല്യക്കാരൻ-
ചെക്കനോടാരോ കോപിച്ചലറുന്നതുകേട്ടു:-
ഇടിനാദംപോൽനിന്നലറിക്കൊണ്ടുശബ്ദം
"പടിവാതൽബന്ധിച്ചു കുറ്റിയിട്ടില്ലാപോലും"!
മതവും പാറിച്ചേർന്നു നില്ക്കുന്ന മനുഷ്യാ! നീ
മനസ്സാക്ഷിയെവിറ്റു തിന്നുന്നതെന്തിനേവം?

നില്ക്കുന്ന ജനവിഭാഗങ്ങൾ മുഴുവനും പെട്ടന്നതാണ്.

ഈ വിഭാഗം ഒരുവശത്ത് അനശ്വരയശസ്വികളായ മഹാന്മാരെയും ചിന്തകന്മാരെയും കവികളെയും നേതാക്കന്മാരെയും മറുവശത്ത് കിരാതത്തിന്റെ സംഹാരമൂർത്തികളെയും പൊന്നിണവും ചെങ്കോലുമണിഞ്ഞ പ്രതാപശാലികളെയും വിശ്വത്തിനു സംഭാവനചെയ്തിട്ടുണ്ട്. ലോകത്തിലെ ഏതു പ്രസ്ഥാനങ്ങളുടെയും പ്രണേതാക്കളും പ്രക്ഷോഭകന്മാരുംഇവരിൽനിന്നവതരിച്ചവരാകുന്നു. ഏതു രാഷ്ട്രത്തിന്റെയും സംസ്കാരത്തിന്റെയും സദാചാരത്തിന്റെയും അഭിമാനത്തിന്റെയും മനസ്സിന്റെയും ആത്മത്യാഗത്തിന്റെയും ആരോഗ്യം ഇവരുടെ കരതലങ്ങളിലാണർപ്പിതമായിട്ടുള്ളത്. ഓരോ രാഷ്ട്രത്തിന്റെയും ജനനത്തിന്റെയും വികാസവും പുരോഗതിയും ഉൾക്കൊള്ളുന്ന ചരിത്രം അവഗാഢമായി പരിശോധിച്ചാൽ; ഇടത്തരവർഗ്ഗം അവരുടെഭാഗത്തു ചേരുന്നതോ അതിനെ ആശ്രയിച്ചാണ് വളർച്ചയും പുരോഗതിയും ത്വരിതപ്പെട്ടിട്ടുള്ളത് എന്നു കാണാം. ഏതു പ്രസ്ഥാനത്തിന്റെയും പ്രക്ഷീണവും ദുർബലവും ഇവരുടെ സഹകരണത്തെയും നിസ്സഹകരണത്തെയും അവലംബിച്ചിരിക്കുന്നു.

വിശ്രുതരായ വിപ്ലവകാരികൾ ഇവരുടെയിടയിൽ ഉണ്ടെങ്കിലും, ഒരു വർഗ്ഗമെന്നനിലയിൽ ഇവരെപ്പോഴും എവിടെയും പുരോഗതിയുടെ മുമ്പിൽ ചാഞ്ചാടിയിട്ടുള്ളവരാകുന്നു. വിജയംനോക്കി പക്ഷം മാറിക്കളിക്കുന്നു. കാരണം അവർ നൈസർഗ്ഗികമായി സമ്പൽപ്രഭാവമുള്ളവർഗ്ഗത്തിന്റെ പാർശ്വവർത്തികളും മുതലാളിത്തത്തിന്റെ ചിന്താഗതികൾക്ക് വിധേയരും അധികാരവർഗ്ഗത്തിന്റെ സ്വാധീനതയുടെ വൃത്തിപരിധിയിൽ ഒതുക്കപ്പെട്ടവരുമാണ്. അവർക്ക് സ്വന്തമായൊരാദർശസംഹിതയോ സ്വകീയമായ ഒരു പരിപാടിയോ ഇല്ല. ഒന്നുകിൽ മുതലാളിത്തത്തിന്റെ രാഷ്ട്രമീമാംസയിലും സാമ്പത്തിക നീതിയിലും പ്രവർത്തനരീതിയിലും, വിശ്വസിക്കുക; അല്ലെങ്കിൽ മർദ്ദിതവർഗ്ഗത്തിന്റെ തത്വശാസ്ത്രത്തിലും പ്രവർത്തന രീതിയിലും പ്രമാണങ്ങളിലും, സരണികളിലും വിശ്വസിക്കുക. ഇതാണ് അവരുടെ സമക്ഷം തുറന്നുകിടക്കുന്ന മാർഗ്ഗദ്വയം. ഇതിലേതിലെങ്കിലും ഒന്നിൽ അടിയുറച്ചു വിശ്വസിക്കുന്നതിനു പകരം അവർ പലപ്പോഴും ഒന്നിലും പറ്റിപ്പിടിക്കാത്ത നിലയിൽ അഭിനയിച്ചതായി ചരിത്രപരമായ വീക്ഷണത്തിൽ ദർശിക്കുവാൻ വലിയ വിഷമമാവശ്യമില്ല. എന്നാൽ ഒരു സമരപരമായ വിഷമസ്ഥിതിയിൽ അവർ മിക്കവാറും എല്ലായ്പോഴും നവശക്തികളുടെ പിന്നിൽ അണിനിരക്കേണ്ടതു കാണാം. അത്തരം സന്ദർഭങ്ങളിൽ വ്യക്തമായ പക്ഷം പിടിക്കാതെ നിർവ്വാഹമില്ലല്ലോ. എന്നാൽ യഥാർത്ഥമായ സ്വാതന്ത്ര്യവും നീതിയും സന്മാർഗ്ഗികതയുമാഗ്രഹിക്കുന്ന ഏതൊരാൾക്കും അവശകോടികളുടെ അണിയിൽചേർന്ന് അവരെ നയിക്കുകയും ഉയർത്തുകയും മാത്രമാണ് ആത്മാർത്ഥതയും സഹജീവിസ്നേഹവും പുരോഗതിയും സമാധാനവുമെന്ന് ഇടത്തരക്കാർ പ്രബോധിപ്പിക്കപ്പെടണം.

ഒരു വർഗ്ഗമെന്നനിലയിൽ ഇടത്തരക്കാർക്ക് ഇന്നത്തെ സാമൂഹ്യരംഗത്തിൽ ഉള്ള സ്ഥാനമെന്തെന്നു നമുക്കാരായേണ്ടിയിരിക്കുന്നു.

ഇന്നത്തെ നമ്മുടെ രാജ്യത്തിലെ സമ്പത്ത് ഏറ്റവുമധികം ക്രമാതീതം കൂടിയിട്ടുള്ളത് ആരുടെ അധീനതയിലാണെന്നു നിങ്ങൾ ഒന്നു പരിശോധിക്കൂ. രാജ്യത്തിലെ ഭൂമി ഏറ്റവുമധികം കിടക്കുന്നത് വളരെ ചുരുങ്ങിയ അതായത് പത്തുശതമാനത്തിൽ കുറഞ്ഞ കുടുംബങ്ങളുടെ കയ്യിലാണെന്നു കാണാവുന്നതാണ്. ഇതുപോലെ വ്യവസായങ്ങളുടെയും വ്യാപാരങ്ങളുടെയും ഉടമസ്ഥതയും ഇതിനെല്ലാം രക്തം പ്രദാനംചെയ്യുന്ന വൻകിടബാങ്കുകളുടെയും ഉടമസ്ഥതയും ഏറ്റവും ചുരുക്കം വ്യക്തികളുടെ കയ്യിലാണ്. ഇത്തരം വൻകിട ജന്മി മുതലാളി വിഭാഗങ്ങളും നിലവിലുള്ള ഭരണവർഗ്ഗവും തമ്മിലുള്ള ഔപചാരികമായ ബന്ധങ്ങളും ഇടപാടുകളും അനല്പമാണ്. ഈ ഭീമമായ ആയസവലയത്തിന്റെ സമ്മർദ്ദം സഹിച്ചുകൊണ്ടാണ് ഇടത്തരക്കാർ വാസ്തവത്തിൽ ജീവിക്കുന്നത്. ഇതു പ്രത്യക്ഷമായ ഒരു ചിത്രമെന്ന നിലയിൽ മനസ്സിലാക്കാൻ വിഷമമാണ്. ഇതെല്ലാം തിരസ്കരണിയുടെ പിന്നിലെ തമസ്സിൽ ജൃംഭിച്ചു നില്ക്കുന്നതുകൊണ്ട് സാമാന്യനയനങ്ങൾക്കു സുഗ്രാഹ്യമല്ല.

ഇടത്തരക്കാരായ വിഭാഗത്തിന്റെ വളർച്ചയും തകർച്ചയും പരിശോധിക്കുന്നത് രസാവഹവും ചിജ്ഞേയവുമാണ്. യുദ്ധത്തിനു മുമ്പ് മുതലാളിത്വവും ജന്മിത്വവും തമ്മിലുള്ള ആജന്മവൈരത്തിന്റെയും മുതലാളിത്ത ശരീരത്തിലെ തന്നെ പരസ്പര വൈരുദ്ധ്യത്തിന്റെയും മറ്റു വടം വലികളുടെയും അതുമ സന്തതിയായ മാർക്കറ്റു മത്സരത്തിന്റെയും മറ്റാഘാതങ്ങളുടെയും അനിവാര്യഫലമായി സഹസ്രകണക്കിൽ ഇടത്തരക്കാർ പൊളിഞ്ഞ് പാപ്പരായതും അവരുടെ പരിമിതമായ സ്വത്തും വ്യവസായവും വൻകിട

# അരസെൻറ സഫലം തന്നിരുന്നെങ്കിൽ

(മിസ്സിസ് മാർത്താ ഡേവിഡ് തരകൻ)

I

ഉണക്കോലകൊണ്ട് മേഞ്ഞ് കുരുത്തോലകൊണ്ടു വിതാനിച്ച വിനീതമായ ആ ചെറുപന്തലിൽ ബന്ധുജനങ്ങളുടെ മദ്ധ്യേ കൊച്ചുകുഞ്ഞൻ അക്ഷമനായി അങ്ങനെ നിന്നു. അന്ന് അവൻെറ ജന്മസാഫല്യം കൈവരുന്ന ദിവസമായിരുന്നു. മുഹൂർത്തമായി. ജാനകിക്കുട്ടിയെ സ്വജനങ്ങൾ പന്തലിലേക്കാനയിച്ചു. അവൾ കൊച്ചുകുഞ്ഞൻെറ മുമ്പിൽ ലജ്ജാവനതമുഖിയായി വന്നു നിന്നു. ഒരു പഴയ സ്വനഗ്രാഹിയിൽനിന്നും പുറപ്പെട്ട സംഗീതത്തിൻെറയും സ്ത്രീകളുടെ വായ്ക്കുരവയുടെയും മദ്ധ്യേ കൊച്ചുകുഞ്ഞൻ ജാ

---

മുതലാളികളിലും വ്യവസായികളിലും കേന്ദ്രീകരിച്ചതിൻെറയും ചിത്രം ഹൃദയം മരപ്പിക്കുന്നതാണ്. യുദ്ധകാലത്തുതന്നെയുള്ള സ്ഥിതി നോക്കണം, ചെറുതരം മുതലാളികളും വ്യാപാരികളും വ്യവസായികളും സ്വത്തുടമകളും വളർന്നിട്ടുള്ളതൊരു വശത്തും വൻകിടക്കാരായവർ വളർന്നിട്ടുള്ളത് മറുവശത്തും വെച്ചുനോക്കിയാൽ രണ്ടും പരസ്പരം അചിന്ത്യമായ അന്തരം ദർശിക്കാം. ബംഗാളിലും ഒറീസയിലും മററു പല ഭാഗങ്ങളിലുമുണ്ടായിരുന്ന ഹൃദയഭേദകമായ ക്ഷാമവും പട്ടിണിമരണങ്ങളും സമാന്യജനങ്ങളെയൊപ്പം ഇടത്തരക്കാരെയും വളരെ സാരമായി ബാധിച്ചില്ല. സംഗരമവസാനിച്ച ഇന്നത്തെ സാഹചര്യങ്ങൾ മുതൽ ആരംഭിക്കാനിരിക്കുന്ന കമ്പോളമത്സരങ്ങളിൽ യുദ്ധകാലത്തു വളർന്നവയും അല്ലാത്തവയുമായ ചെറുമുതലാളികളും മററും പ്രക്ഷീണരായി നിലംപതിക്കാൻ തുടങ്ങുന്നസമയം ആസന്നമായിക്കൊണ്ടിരിക്കയാണ്. ഭൂമിയുടെയും വ്യവസായത്തിൻെറയും വ്യാപാരത്തിൻെറയും ഉടമസ്ഥാവകാശം എണ്ണത്തിൽവളരെ വിരളമായ വ്യക്തികളുടെ കുത്തകാധിപത്യത്തിൽ കേന്ദ്രീകരണം നടക്കുമെന്നുള്ളത് കേവലം സ്വാഭാവികവും സാധാരണവും മാത്രമാകുന്നു. ഇപ്പോൾ തന്നെയത് കുറെയേറെ നടന്നിട്ടുണ്ട്. നടക്കുന്നുമുണ്ട്. നമ്മുടെ ആർഷഭൂമിയിൽ മുതലാളിത്തം ഇനിയും പരമമായ വളർച്ച പ്രാപിച്ചിട്ടില്ലാത്തതുകൊണ്ട്, മേൽപ്രസ്താവിത സംഗതികൾ സ്വല്പം സാവധാനത്തിലായിരിക്കും സംഭവിക്കുന്നത്. മുതലാളിത്തം ഏററവും വളർച്ചതികഞ്ഞ അമേരിക്കയിലും ബ്രിട്ടനിലും ഇടത്തരക്കാരും സമ്പൽവ്യവസ്ഥയുമായി എത്രത്തോളം താദാത്മ്യമുണ്ടെന്നു പരിശോധിച്ചാൽ ധ്രുവങ്ങൾപോലെയുള്ള അകൽച്ചയാണു രൂപമെടുക്കുന്നത്. പദാർത്ഥങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുകയും ഉപഭോക്താക്കളുടെ സമ്പൽസാദ്ധ്യതകൾ സങ്കുചിതമാവുകയും ചെയ്യുന്ന സന്ദർഭത്തിൽ ഇടത്തരക്കാരുടെമേൽ ധനികവർഗ്ഗം പ്രത്യക്ഷമായിത്തന്നെ ആക്രമണം സമാരംഭിക്കുന്നതുകാണാം. ഇടത്തരക്കാരിൽ തന്നെ ഒരു വലിയവിഭാഗം ജനസാമാന്യത്തിൻെറ—ഭൂരിഭാഗം തൊഴിലാളികളും കൃഷിക്കാരുമായവരാണല്ലോ—വരുമാനത്തിൻെറ വർദ്ധനവിനെയും അഭിവൃദ്ധിയെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഉദാഹരണം, ചെറുകച്ചവടക്കാർ, ചായക്കടക്കാർ, വൈദ്യന്മാർ മുതലായവരൊക്കെത്തന്നെ. സാമ്പത്തികാധഃപതനം സംഭവിക്കുമ്പോൾ ഏററവുംവേഗം തകരുന്നത് ഇടത്തരക്കാരാണ്.

പക്ഷെ ഈ പരമാർത്ഥവിപത്തിനെ പ്രതിരോധിക്കുന്നതിനും അതിജീവിക്കാൻ ശ്രമിക്കുന്നതിനുമുള്ള യഥാർത്ഥമാർഗ്ഗത്തിനു പകരം ഇടത്തരക്കാർ ഒരു വർഗ്ഗമെന്നനിലയിൽ, പാവങ്ങളുടെനേരെ മർദ്ദിതരായ കോടാനുകോടി ബഹുജനങ്ങളുടെനേരെ ഭർത്സനങ്ങൾ പ്രയോഗിക്കുന്നത് മിക്കവാറും സാധാരണ സംഭവമായി കഴിഞ്ഞകാലത്തെ വസ്തുതകൾ പ്രഖ്യാപനം ചെയ്യുന്നു. ഉരഗവക്ത്രത്തിലെ മണ്ഡൂകം ചിത്രശലഭത്തിനുനേരെ നാവു നീട്ടുന്നതുപോലെയാണിവരുടെ ഇത്തരം കുത്സിതനയമെന്നവർതന്നെ മനസ്സിലാക്കണം.

ഈ വിപൽക്കരവും ഉച്ചനീചത്വങ്ങളുമടങ്ങിയ പരിതസ്ഥിതിയിൽനിന്നു തങ്ങളെയും മനുഷ്യസമുദായത്തെയും സംരക്ഷിക്കുന്നതിനു കോടിക്കണക്കിലുള്ള പതിതപാവങ്ങളുടെ അണിയിൽച്ചേർന്നുകൊണ്ടു സമ്പന്മേധാവിത്വത്തോടും പ്രതിലോമ ശക്തികളോടും മർദ്ദന വിധാനങ്ങളോടും തീവ്രമായ സമരംചെയ്തു നൂതനവും പാവനവും സമത്വസുശോഭനവുമായ ഒരു സാമൂഹ്യ വ്യവസ്ഥയെ സൃഷ്ടിക്കുകയെന്ന മഹത്തും ബൃഹത്തുമായ കർത്തവ്യമാണിന്നെല്ലാവരുടെയും മുൻപിൽ നിൽക്കുന്ന സജീവപ്രശ്നം.

നകിക്കുട്ടിയെ പരിഷ്കാരപ്രകാരം പൂമാലയിട്ടു വരിച്ചു. അങ്ങനെ സുന്ദരിയായ ജാനകിക്കുട്ടിയെ രണ്ടു കൊല്ലം മുമ്പ് ആദ്യമായി കണ്ട അന്നു മുതൽ അവന്റെ മനസ്സിൽ വളർന്നു വന്ന മോഹം അന്നു സഫലമായി.

സ്വന്തം പുരയുടെ വാതിൽക്കൽ കൊച്ചുകൃഷ്ണന്റെ മാതാവായ കാളി പുത്രനേയും വധുവിനേയും സ്വീകരിച്ചു. ഇരട്ട മോതിരവും വെള്ള ജംപ്പറും കസവുനേരിയതും ധരിച്ചു നില്ക്കുന്ന പുത്രനേയും ചുവന്ന ഇമിറ്റേഷൻ സിൽക്കുസാരിയും കാതിൽ കിങ്ങിണികളും ചില കുപ്പിവളകളും മാലകളുമൊക്കെ അണിഞ്ഞുനില്ക്കുന്ന ഭാര്യയേയും മാറി മാറി നോക്കി ആനന്ദിച്ചു ആ മാതൃഹൃദയം തുളുമ്പിയടഞ്ഞു.

“മോളേ! അകത്തേക്ക് വലത്തുകാല് ചവുട്ടി കേറിക്കൊള്ളണെ.” എന്നു ആ വൃദ്ധമാതാവ് വാത്സല്യപൂർവ്വം പുത്രഭാര്യയെ ഉപദേശിച്ചു.

ജാനകിക്കുട്ടിയെ എത്ര സന്തോഷിപ്പിച്ചിട്ടും കൊച്ചുകൃഷ്ണന് തൃപ്തിയായില്ല. ഭാരവണ്ടി വലി കഴിഞ്ഞു സന്ധ്യക്കു വീട്ടിലേക്ക് മടങ്ങുമ്പോൾ പലഹാരപ്പൊതിയുടെ കാര്യം ഒരു ദിവസവും അവൻ മറക്കാറില്ല. ഇടക്കു ചില ദിവസങ്ങളിൽ സിനിമാ ശാലയിലേക്ക് ആ ചുവന്ന സാരിയുടുപ്പിച്ചു സുന്ദരിയായ ഭാര്യയെ, അഭിമാനിയായ ആ ഭർത്താവ് കൂട്ടിക്കൊണ്ടുപോകും. നേരത്തെതന്നെ ഗൃഹജോലികൾ എല്ലാം അവസാനിപ്പിച്ചു ജാനകിക്കുട്ടി കൊച്ചുകൃഷ്ണന്റെ വരവും കാത്തു പടിക്കൽ നില്ക്കുന്നുണ്ടാകും. അങ്ങനെ ആ ചെറുകുടിൽ ഒരു സ്വർഗ്ഗമായി രൂപാന്തരപ്പെട്ടു.

ധനാഢ്യനായ വർക്കിയച്ചന്റെ ഒരു വലിയ പറമ്പിൽ പല പല കുടിലുകളുണ്ടായിരുന്നതിൽ ഒന്നിലായിരുന്നു കൊച്ചുകൃഷ്ണന്റെ താമസം. അയൽ വീട്ടിലെ കൊച്ചുപാറുവിനു ചില സ്വർണ്ണ വളകളും കല്ലുകമ്മലുമൊക്കെ ഉണ്ടായിരുന്നു. അവൾ പലപ്പോഴും അവയണിഞ്ഞു ഞെളിഞ്ഞു ജാനകിക്കുട്ടിയെ കാണുവാൻ വരും. അവ ധരിച്ചിരിക്കുന്നതു തന്റെ ഭാര്യയായിരുന്നെങ്കിൽ എത്ര ഭംഗിയായിരിക്കുമായിരുന്നു എന്നു കൊച്ചുകൃഷ്ണൻ വിചാരിക്കും. പക്ഷെ കൊച്ചുപാറുവിന്റെ ഭർത്താവ് പട്ടാളക്കാരനായിരുന്നതിനാൽ പണത്തിനു പ്രയാസമുണ്ടായിരുന്നില്ല. കൊച്ചുകൃഷ്ണൻ എത്രതന്നെ ശ്രമിച്ചിട്ടും സാമാന്യവില കൂടിയ ഇക്കാലത്തു ഒരു പൈസയും ബാക്കി വയ്ക്കുവാൻ സാധിച്ചില്ല. എങ്ങനെയും കുറെ പണം സമ്പാദിക്കണമെന്നു നിശ്ചയിച്ചു മൂന്നു മാസത്തിനുള്ളിൽ തിരിച്ചു വന്നു കൊള്ളാമെന്നുള്ള കരാറിന്മേൽ മാതാവിനോടും ഭാര്യയോടും യാത്രയും പറഞ്ഞു കൊച്ചുകൃഷ്ണൻ സിലോണിലേക്ക് യാത്രയായി.

II

മാസങ്ങൾ ആറ് അങ്ങനെ കഴിഞ്ഞുപോയി. തലേന്നാൾ കിട്ടിയ എഴുത്തനുസരിച്ച് അന്നാണ് കൊച്ചുകൃഷ്ണൻ തിരിച്ചെത്തുന്നതു്. ജാനകിക്കുട്ടിയും അമ്മയുംകൂടി പുരയെല്ലാം മെഴുകി ശുദ്ധിയാക്കി. മുറ്റം ഒന്നുകൂടി ശ്രദ്ധയോടുകൂടി അടിച്ചുവാരി. ഭക്ഷണത്തിനു കൂട്ടത്തിൽ വിഭവങ്ങളുണ്ടാക്കി. രണ്ടുപേരും അടിച്ചു നനച്ചു കുളിച്ചു കൊച്ചുകൃഷ്ണനെ കാത്തുനിന്നു.

കൊച്ചുകൃഷ്ണൻ ഒരുകെട്ടു സമ്മാനങ്ങളോടുകൂടി എത്തി. അമ്മയെ തൊഴുതു. ഭാര്യയെ പ്രേമസംപൂർണ്ണമായ നയനങ്ങളാൽ ആശ്ലേഷിച്ചു. അവളുടെ ദേഹം ക്ഷീണിച്ചിരുന്നതും മുഖശോഭ മങ്ങിയിരുന്നതും വിരഹനിമിത്തമാണെന്ന് അവൻ സമാധാനപ്പെട്ടു. സമ്മാനങ്ങൾ ഓരോന്നായി അവൻ പുറത്തെടുത്തു. അമ്മക്ക് ഒരു പുതപ്പ്, ഉടുക്കുവാനുള്ള മുണ്ടുകൾ, നേരിയതു്, ജാനകിക്കുട്ടിക്ക് വാസനയുള്ള ഒരു സോപ്പ്, ചീപ്പ്, മുഖക്കണ്ണാടി ഇങ്ങനെ പലതും. ആശിച്ചിരുന്ന ആഭരണങ്ങൾ പിറ്റേദിവസം തന്നെ വാങ്ങുന്നുണ്ടെന്ന സംഗതിയും അവൻ അവളെ രഹസ്യമായി അറിയിച്ചു. കൊച്ചുകൃഷ്ണൻ സിലോണിൽനിന്നും വന്നതറിഞ്ഞു അയൽവാസികളായ സമപ്രായക്കാരും അവിടെ എത്തി. അവരേയും യഥോചിതം താംബൂലംകൊണ്ടും ലഹരിപദാർത്ഥങ്ങൾ വേണ്ടവരെ അങ്ങനേയും കൊച്ചുകൃഷ്ണൻ സൽക്കരിച്ചു. ആ വിധത്തിൽ അന്നുരാത്രി അകാലമാകുന്നതുവരെ അവിടെ ഒരു ഉൽസവമായി കഴിഞ്ഞു.

സമയം ഉദയത്തോടടുത്തു. കൊച്ചുകൃഷ്ണന്റെ പുരയിൽനിന്നും പുറപ്പെട്ട ഒരു വലിയ കരച്ചിൽകേട്ട് ആ കോളനിക്കാർ അവിടെ ഓടിക്കൂടി. കൊച്ചുകൃഷ്ണൻ രോഷാകുലനായി വെളിച്ചപ്പാടിന്റെ മാതിരി നിന്നു തുള്ളുന്നു. അവനിൽനിന്നും ഏറ്റ ഒരു പ്രഹരത്തിന്റെ ഫലമായി അമ്മ അടുക്കളയിൽവീണു കിടക്കുന്നു. ജാനകിക്കുട്ടി മരിച്ചു അകത്തു പായിൽകിടക്കുന്നു. കഥയറിയാതെ അമ്പരന്നുനില്ക്കുന്ന ജനങ്ങളുടെ ഇടയിൽ ഈ ബഹളംകേട്ട് മുതലാളിയായ വർക്കിയച്ചനും കടന്നുവന്നു “എന്തെടാ! ബെഡ്കോഫിയും നിനക്കു ചാരായമാണോടാ! രാവിലെ കലിതുള്ളുന്നതു്!” എന്ന ചോദ്യം ആ മുതലാളിയിൽ നിന്നു പുറപ്പെട്ടതും നായെ! എന്നു സംബോധന

(ശേഷം പതിനൊന്നാം പേജിൽ)

(6-ാംപേജിൽ നിന്നു തുടർച്ച)

ഭാവത്തിൽ നിക്ഷേപിച്ചു. ഭഗവാനു കാണിക്കയുള്ള വകയായി എന്നു വിശ്വസിച്ചാശ്വസിച്ചു.

കുംഭമാസത്തിലെ മദ്ധ്യാഹ്നം. വെളിയിലേക്കു നോക്കാൻ വയ്യാത്ത വെയില്. ഒന്നിനെയും ചലിപ്പിക്കാത്ത കാററുപോലുമില്ലവിടെയെങ്ങും. ജീവപ്രപഞ്ചം ആസകലം തണൽപററി വിശ്രമിക്കുകയാണ്.

കുട്ടികളുടെയൊക്കെ മുഖത്തൊരു ധൃതിയുടെ മട്ട്. അവർക്കൊക്കെ വെളിയിലേക്കു ചാടാൻ വെമ്പി. വീട്ടിൽ, കിണററുകരെ, മാവിന്റെ ചുവട്ടിൽ, പറങ്കിമാവിന്റെ കൊമ്പത്ത് ഇങ്ങനെ പലേടത്തായിക്കഴിഞ്ഞു അവരുടെ മനസ്സ്. മണികിലുക്കം ഒന്നു കേൾക്കേണ്ട, ഘടികാരം നോക്കേണ്ട, സ്കൂൾകുട്ടികൾക്കറിയാം സ്കൂൾ വിടാനുള്ള സമയം. അതുപോലെതന്നെ നമ്മുടെ ഹെഡ്മാസ്റ്റർക്കും അറിയാം. കുട്ടികളിൽ ചിലർക്ക് ആ സമയത്തു വിശപ്പുവരും. സാറിനു ഉറക്കവും. അതാണു പതിവ്.

ഉച്ചസ്കൂൾ വിടാനുള്ള മണികിലുക്കിയപ്പോളാണ് ഹെഡ്മാസ്റ്റർ ഒരു കാര്യം ഓർത്തതു്-- ഇത്രയും മുഷിഞ്ഞ മുണ്ടുമായിട്ടെങ്ങനെ അമ്പലത്തിൽ പോകും?

പ്രത്യുൽപ്പന്നമതിയായ അദ്ദേഹം ഒരു കുട്ടിയോടു പറഞ്ഞു—"വേലു പോകാൻ വരട്ടെ."

അവനു ദേഷ്യം വന്നുകാണണം ഇത്രയും നേരമുണ്ടായിരുന്നിട്ടു പറയാൻ പാടില്ലാത്ത ഒരു കാര്യം!

അവൻ അലക്കുകാരന്റെ മകനാണ്. സ്കൂളിനു സമീപമാണവന്റെ വീട്; ഒരു തോട്ടിന്റെ വക്കത്ത്.

മററു കുട്ടികളെല്ലാം പോയി.

ഹെഡ്മാസ്റ്റർ ജൂബായുടെ കീശയിൽ കൈയിട്ടു. കടലാസു കഷണങ്ങൾ, അരിഷ്ടിച്ചിട്ടാണെങ്കിൽ ഒന്നു മുറുക്കാനുള്ള വക, ഒരൊടിഞ്ഞ പേനാക്കത്തി ഇവ വെളിയിലേക്കെടുത്തു. ജൂബാ ഊരി "നീയിവിടെ നില്ല്" എന്നു പറഞ്ഞിട്ട് അദ്ദേഹം സ്കൂളിന്റെ മറേറ അററത്തേക്കു പോയി. തിരിച്ചുവന്ന് മേശപ്പുറത്ത്, കാച്ചുമുൻപ് അതിലിട്ട കാശെടുത്ത് "ഇതിനു സോപ്പോ കാരമോ വല്ലതും മേടിച്ചുകൊണ്ടുപോ" എന്നു പറഞ്ഞ് കാശും ചുരുട്ടിയ മുണ്ടും ജൂബായും കൂടി ആ ബാലന്റെ കൈയിലേക്കു കൊടുത്തു. "വേഗമിങ്ങു കൊണ്ടുവരണം. കീറരുത്." എന്നദ്ദേഹം പറഞ്ഞപ്പോഴേക്ക് അവൻ മുററത്തു ചാടിക്കഴിഞ്ഞു. "ഓ" എന്നവൻ പറഞ്ഞു. "എങ്ങനെ വെളുക്കണമെന്നറിയാമോ?" എന്ന ഹെഡ്മാസ്റ്ററുടെ ചോദ്യത്തിനു വഴിയിൽനിന്നവൻ വിളിച്ചു പറഞ്ഞു. "ഓ"

പതിവിൻപടി അദ്ദേഹം ബെഞ്ചിൽകിടന്നു, രണ്ടുമൂന്നു പുസ്തക സഞ്ചി ഉപധാനമാക്കിക്കൊണ്ട്.

കുറേ നേരത്തേക്കവിടെ എന്തു നടന്നാലും അദ്ദേഹം അറിയുകയില്ല.

ചോററുപാത്രം തുറന്നുവെച്ച് മിസ്ത്രസ്സ് ഊണു കഴിച്ചു.

ഊണ് കഴിഞ്ഞ് അവൾ ഒരററത്തു പതുങ്ങിയിരുന്നു വായിക്കുകയാണ്. ഏതോ ക്ലാസ്സിലെ പാഠപുസ്തകമായിരിക്കണം. അഥവാ വല്ല കഥാപുസ്തകമാകാനും മതി. അവൾക്ക് ഹെഡ്മാസ്റ്ററോട് അച്ഛനോടെന്നപോലെ ബഹുമാനമുണ്ടോ എന്നറിഞ്ഞുകൂടെങ്കിലും അദ്ദേഹത്തിനവളോട് വളരെ വാത്സല്യമുണ്ട്, മകളോടെന്നപോലെ.

ഹെഡ്മാസ്റ്റർക്ക് നിദ്രാഭംഗം വരാതിരിക്കാനവിടെയൊരു നിഷ്കൃഷ്ടനിയമമുണ്ട്. വീണ്ടും കയറാനുള്ള മണിയടിക്കുന്നതുവരെ കുട്ടികൾ ഹാളിൽ കയറിക്കൂടെന്ന്.

ആ ഹാളിൽ രണ്ടുപേരെയുള്ളൂ. ഒരററത്ത് ഉറങ്ങുന്ന ഹെഡ്മാസ്റ്ററും മറേറ അററത്തു വായിക്കുന്ന മിസ്ത്രസ്സും.

സമയനിഷ്ഠയുള്ള അദ്ദേഹം ഉറക്കം കഴിഞ്ഞെഴുന്നേററു. പിന്നെ പത്തു മിനിട്ടു കൂടിയുണ്ട് സമയം. അദ്ദേഹം മുഖമൊന്നു കഴുകി. കുറച്ചു പച്ചവെള്ളം കുടിച്ചു. വെററില മുറുക്കി. എല്ലാം പതിവിൻപടി നടക്കുന്നതിനിടയിൽ വേലുവിനെ അന്വേഷിച്ചു. കുട്ടികളെ അയച്ച് അന്വേഷിപ്പിച്ചു. അടുത്ത പുരയിടത്തിലെ പറങ്കിമാവിലിരുന്ന അവൻ ഹാജരായി.

"മുണ്ടെവിടെ?"

"വീട്ടിക്കൊടുത്തേക്കാ"

"കൊടുത്തേക്കാ!" അദ്ദേഹത്തിനു ദേഷ്യം വന്നു" കൊടുത്തേക്കാനാരോ പറഞ്ഞു? ഓടിച്ചെന്നെടുത്തോണ്ടു വാ. ഓട്""

വേലു ഓടി. കുട്ടികൾ പുറത്തുതന്നെ കഴിച്ചു.

അദ്ദേഹം ടൈംപീസിൽ നോക്കിക്കൊണ്ടിരിപ്പായി. മണിയടിക്കേണ്ട സമയമായി. "ആ പിശാചു ചെറുക്കൻ!" അദ്ദേഹം തന്നെത്താൻ പൊറുപൊറുത്തു.

മണിയടിക്കേണ്ട സമയം കഴിഞ്ഞു. "വേലുവന്നില്ലേ?" ഹെഡ്മാസ്റ്റർ അവന്റെ വഴിക്ക് നോക്കിയിരിക്കയാണ്. "പരമു ചെന്ന് അ

മുണ്ടു വേഗം കൊണ്ടുവരാൻ പറ. വേലുവിനോടു പറ. നീയറിയുകയില്ല അവന്റെ വീട്".

"അറിയും" എന്നു് മാസ്റ്ററോടും "നീ കൂടെ വാടാ. നമുക്കു പോയേച്ചു വരാം" എന്നു് ഒരു സഹപാഠിയോടും പറഞ്ഞിട്ടു് അവൻ നടന്നു, കൂട്ടുകാരനും കൂടെച്ചെന്നു.

വേലു ഓടി വന്നു. അവന്റെ കൈയു് ശൂന്യവും മുഖം മ്ലാനവും ആയിരുന്നു.

"എവിടെടാ" അവനെ ദൂരെ കണ്ടപ്പോഴെ അദ്ദേഹം വിളിച്ചുചോദിച്ചു.

"എവിടെടാ ചെറുക്കാ?" അദ്ദേഹം പല്ലു കടിച്ചു.

"അവിടെ വെച്ചിരിക്കുവാ"

"അവിടെയോ?" അദ്ദേഹത്തിനാ ചെറുക്കനെ തിന്നു കളയാൻ തക്ക ദേഷ്യം വന്നു. "ഹും! അവിടെ! അവിടെ വെക്കാൻ പറഞ്ഞോ വല്ലവരും?"

"അമ്മ പറഞ്ഞു." അവൻ പുളുങ്ങി നിന്നു കൊണ്ടു പറഞ്ഞു—"അവിടെ വെക്കാതെ വെളുക്കത്തില്ലെന്നു്".

"തടിമാടാ, ഇപ്പോഴാ അവിയും പുകയും" അദ്ദേഹം ടൈംപീസിലേക്കു നോക്കിക്കൊണ്ടു തുടർന്നു. "ചെന്നുകൊണ്ടു വാടാ മിഴിച്ചുകൊണ്ടു നില്ക്കാതെ. മണിയടിക്കാനുള്ള സമയംകഴിഞ്ഞു."

വേലു പതുക്കെ തിരിഞ്ഞു നടക്കാൻ തുടങ്ങി.

അദ്ദേഹം വിളിച്ചു പറഞ്ഞു. വെളുത്തേടത്തോളം വെളുത്താൽ മതി. ഒന്നോടിപ്പോ അദ്ദേഹത്തിന്റെ കൈയും കാലും ഇളകി.

വേലു ഓടി.

ആ വഴിക്കു ജന്നൽ വഴി നോക്കിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തിനു കാണായി ദൂരെ നിന്നു് ഇൻസ്പെക്ടർ വരുന്നതു് ഒററമുണ്ടും ഉടുത്തു നില്ക്കുന്ന അദ്ദേഹം കണ്ടു. ഒരു ജൂബാ ധരിച്ചു് കഴുത്തിൽ ചുററി ഒരു നേര്യതുമിട്ടു മുമ്പെ നടന്നുവരുന്ന ഇൻസ്പെക്ടറെയും ഓവർകോട്ടും വില്ലായും തലപ്പാവും ധരിച്ചു് കൈയിൽ ഒരു സൂട്ട്കേസുമായി പുറകെ വരുന്ന ശിപായിയേയും.

കുട്ടികൾ മുററത്തു വെയിലിൽ ശൂന്യമാക്കാതെ ഓടി നടന്നു് കളിക്കുന്നു- മിസ്ട്രസ്സ് കെട്ടിടത്തിന്റെ ഒററത്തു് എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. മണിയാണെങ്കിൽ തെററു്. തെ-ററ് എന്നു പറഞ്ഞുകൊണ്ടു് മുമ്പോട്ടു പോകുന്നു. ഹെഡ്മാസ്റ്റർ എന്തു ചെയ്യേണ്ടതെന്നറിയാതെ കണ്ണിരുണ്ടു നില്ക്കുന്നു.

എന്തായാലും മണി കിലുങ്ങി. പ്രഥമാധ്യാപകന്റെ ജോലിയാണതു്. കുട്ടികൾ ഒരു നിമിഷത്തിനുള്ളിൽ ക്ലാസുകളിൽ നിരന്നു. വിയർത്തൊലിച്ചവർ, വാടിത്തളർന്നവർ, എടുത്തു കെട്ടിയ മുണ്ടിന്റെ തല അഴിച്ചിടാൻ മറന്നവർ, വായിൽ കിടക്കുന്ന നെല്ലിക്കായുടെ കാര്യം ഓർക്കാത്തവർ എല്ലാം സ്ഥലം പിടിക്കാനുള്ള ബഹളമാണു്. ചിലരുടെ മടിയിൽക്കല്ലിമാങ്ങായുണ്ടു്. ചിലർ ഏളിയിൽ പറങ്കിയണ്ടി തിരുകിയിട്ടുണ്ടു്. ചിലർ ഓടി വന്നെത്തുന്നേയുള്ളു.

പള്ളിക്കൂട മുററത്തുനില്ക്കുന്ന ഒരു ഉങ്ങുമരവെട്ടിയുടെ തണലിൽ ഇൻസ്പെക്ടർ നിന്നു; ഹാജർപതിക്കുന്ന ജോലിയൊക്കെ കഴിയട്ടെയെന്നു കരുതിയായിരിക്കാം.

മിസ്ട്രസ് ഓടിവന്നു് ഹെഡ്മാസ്റ്ററോടു പറഞ്ഞു—"അയ്യോ, ഇൻസ്പെക്ടരെജമാനൻ വരുന്നു. ഞാൻ—"

വരുന്നതുവരട്ടെ. അങ്ങനെ പരിഭ്രമിക്കാനുണ്ടോ. ഞാൻ പറഞ്ഞുകൊള്ളാം." അവർ എന്തോ പറയാൻ തുടങ്ങി.

"ചെന്നു് ഹാജർവയ്ക്കൂ." പാഠശാലാധികാരി ആജ്ഞാപിച്ചു.

രണ്ടുപേരും ഹാജർ പതിച്ചുതുടങ്ങി.

ഇൻസ്പെക്ടർ കെട്ടിടത്തിന്റെ പ്രധാന നടകയറി. ആദ്യംകണ്ടതു് മിസ്ട്രസിനെയാണു്. കുനിഞ്ഞിരുന്നു ഹാജരുവിളിക്കുകയാണു്. അദ്ദേഹം വരാന്തയിൽ നിന്നതേയുള്ളു. ഹാജർ വിളിച്ചുകഴിഞ്ഞിട്ടും അവർ പഠിപ്പിക്കാൻ തുടങ്ങിയില്ല. ഇരുന്നിടത്തു നിന്നെഴുന്നേല്ക്കുന്നില്ല. ഭിത്തിയോടു ചേർത്തിട്ടിരിക്കുന്ന ഒരു സ്റ്റൂളിൽ ഇരിക്കുകയാണു്. 'തന്നെ ഇവൾ കണ്ടില്ലായിരിക്കുമോ? എന്നാലോചിച്ചുകൊണ്ടു് ഇൻസ്പെക്ടർ അവിടെനിന്നു. ഒടുവിൽ അദ്ദേഹം തോററു കെട്ടിടത്തിനുള്ളിലേക്കു കടന്നു. കുട്ടികളെല്ലാം എഴുന്നേററു. മിസ്ട്രസും എഴുന്നേററു.

അവൾ ഇരുപത്തിരണ്ടു വയസ്സുള്ള ഒരു കന്യകയാണു്. പുതിയ മിസ്ട്രസാണു്. സുലക്ഷണമുള്ളവളാണു്. അവളുടെ മുഖത്തു് സ്മിതമുണ്ടു്. കൊഴുത്ത കൈകൾ രണ്ടുമുഴുവൻ നഗ്നമാണു്. ഒരു വശത്തുനിന്നാണു് പരിശോധനോദ്യോഗസ്ഥന്റെ കാഴ്ച. കൺട്രോൾ-ഓയിൽ-തുണികൊണ്ടുണ്ടാക്കിയ ബ്ളൗസിന്റെ ഉള്ളിൽ തോളിൽ റേന്തവച്ചതും ശിപായിയുടെ വില്ലയോളം മാത്രം വീതിയുള്ളതുമായ ബോഡീസാണിട്ടിരിക്കുന്നതെന്നദ്ദേഹം കണ്ടു. ഒന്നുംമിണ്ടാതെ ലജ്ജിച്ചു് ബോർഡിരിക്കുന്ന ഇടത്തുവശത്തേക്കു തിരിഞ്ഞുള്ള നില്പു് അദ്ദേഹത്തിനു രസിച്ചുകാണും. അദ്ദേഹം മിണ്ടാതെ നില്ക്കുകയാണു്. അദ്ദേ

# സൂര്യാസെൻ

(നാരായണൻകുട്ടി ബി. ഏ, മാറായിൽ)

1930-ലെ ചിററഗോങ്ങ് ആയുധശാലാക്രമണത്തിന്റെ നേതാവെന്നനിലയിൽ വംഗരാജ്യനിവാസികളുടെ അഭിനന്ദനത്തിനും പ്രശംസയ്ക്കും പാത്രമായിത്തീർന്ന ഒരു സമരഭടനാണ് 'സൂര്യാസെൻ' അഥവാ 'മാസ്റ്റർഡാം'. ജനസഞ്ചയത്തെ നിർദ്ദയമായവിധം മർദ്ദിച്ചുപോന്നിരുന്ന വിദേശീയഭരണത്തിനെതിരായി പടപൊരുതുവാൻ രൂപീകൃതമായ ഒരു വിപ്ളവസംഘത്തിന്റെ തല

ഹം ആലോചിക്കുകയായിരിക്കും. 'ഇവിടംവരെ ആയൊ പരിഷ്ക്കാരം? ദേഹത്തൊരു മുണ്ടിടാതെ ഈ ചെറുപ്പക്കാരി!,

ഹെഡ്മാസ്റ്ററെ കണ്ടിട്ടാകാം ഉദ്യോഗസ്ഥൻ പരിശോധനയെന്നു കരുതിക്കൊണ്ടു ഇൻസ്പെക്ടർ അങ്ങോട്ടുനടന്നു. താൻ സ്കൂളിൽവന്നിട്ടു അഞ്ചുമിനിററെങ്കിലും കഴിഞ്ഞിട്ടും ഹെഡ്മാസ്റ്റർ അതിന്റെ അടുത്തേക്കു വരാതിരുന്നതിലുള്ള പാരുഷ്യത്തോടെ മേലധികാരി അങ്ങോട്ടുചെന്നു.

പ്രഥമാദ്ധ്യാപകൻ രണ്ടു ക്ലാസിലെ ഹാജരും പതിച്ചുകഴിഞ്ഞിരിക്കുന്നു. പേരുവിളിച്ചിട്ടാ ഒററുമല്ല.

ഒന്നാംഅദ്ധ്യാർ—നരയും കഷണ്ടിയും പങ്കുവച്ചെടുത്തിട്ടുള്ള തല ശുഷ്കിച്ചും അതിന്റെ മുൻഭാഗം വലിയ കണ്ണുംകുഴികളുമായും ഇരിക്കുകയാണ്. മൂക്കിന്റെ അഗ്രത്തോളം ഇറക്കിവച്ചിരിക്കുന്ന കണ്ണടയുടെ ഒരുവശം ചരടുകൊണ്ടു ചെവിയോടു ബന്ധിച്ചിരിക്കുന്നു. അദ്ദേഹം ഒരു കച്ചത്തോർത്തുകൊണ്ട് തോൾപലകയും വാരിയെല്ലുകളും മറച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭയവിനു നാം നന്ദിപറയുക. അതില്ലായിരുന്നെങ്കിൽ ആ ബാലന്മാർ രാത്രിയിൽ ദുസ്വപ്നംകണ്ടു നിലവിളിച്ചേനെ. ആ തോർത്തിനൊരു ചരിത്രംകൂടുണ്ട്. അതിന്റെ ഒരുവക്കിനു പൂട്ടിവുണ്ട്. ഒരു മൂലസ്സു ഞൊറിഞ്ഞുപോട്ടും. മദ്ധ്യഭാഗത്തു മണ്ണുംപൊടിയും കൂടുതൽ പററിയിരിക്കുന്നു. ആരോടും ഭയമില്ലാതിരുന്ന വയറു നഗ്നമാണ്. അതിനു കീഴോട്ടു,മിസ്ട്രസിന്റെ ഉത്തരാധികാരത്തിന്റേതുള്ളരണ്ടുണ്ടാകുന്ന രീതിയിലാണ് വസ്ത്രധാരണം. അതു് ഇൻസ്പെക്ടർക്ക് രസിച്ചില്ല.

പരിശോധനക്കൂടാതെ മേലധികാരി പോകണമെന്നു് ഹെഡ്മാസ്റ്ററും വീണ്ടും ഇങ്ങോട്ടുവരരുതെയെന്നു മിസ്ട്രസ്സും ആശിച്ചു.

ഗൗരവംനിറഞ്ഞ ഒരു നോട്ടംകൊണ്ടു് ഹെഡ്മാസ്റ്ററെ ശാസിച്ചിട്ടദ്ദേഹം മിസ്ട്രസിന്റെ ക്ലാസിൽച്ചെന്നു. ആ യുവതിയുടെ സൗന്ദര്യത്തെ അധിക്ഷേപിക്കുന്ന ഒരു തോർത്തു് അവരുടെ മാറിടത്തിൽ പററിപ്പിടിച്ചിട്ടുണ്ട്.

"എന്താവിഷയം?"

"കണക്ക്."

"പഠിപ്പിക്കൂ."

അവൾ പഠിപ്പിച്ചു തുടങ്ങി. ഈ വൃത്തി കെട്ട മേൽമുണ്ടു വേണ്ടായിരുന്നല്ലോ. എന്നാദ്ദേഹത്തിന്റെ മുഖം പറഞ്ഞുകൊണ്ടിരുന്നു.

ഒരു പീരിയഡ് മുഴുവൻ ആ ചെറുപ്പക്കാരിയെ പരിശോധിച്ചിട്ടദ്ദേഹം പ്രഥമാദ്ധ്യാപകന്റെ ക്ലാസ്സ് പരിശോധിച്ചു. ശകാരവാക്കുകൾ ഉച്ചരിക്കുന്നതിനിടയിൽ, അവിടെകണ്ട ക്രമക്കേടുകളെപ്പററി അദ്ദേഹം ചോദിച്ചു. റിക്കാർഡുകൾ നോക്കി. എന്താണ്ടൊക്കെ എഴുതിയെടുത്തു.

അടുത്ത ശനിയാഴ്ച അവർ നാലുപേരും ആഫീസിൽ ഹാജരാകാൻ 'ഉത്തരവായിട്ട്' അദ്ദേഹം പോയി.

എന്നിട്ടും ആ സ്കൂളിന്റെ ഹൃദയം പിടച്ചുകൊണ്ടിരുന്നു.

അപ്പോഴേക്ക വേലു വെളുപ്പിച്ചമുണ്ടും ജുബായുംകൊണ്ടുവന്നു. ഹെഡ്മാസ്റ്റർ സ്വന്തം മുണ്ടുടുത്തിട്ട് ആ ഡാക്കാമൽ മിസ്ട്രസിനു തിരിച്ചു കൊടുത്തു. ആ ഗുരുക്കൾക്ക ദേഹത്തിടാൻ മുണ്ടു കൊടുത്തിട്ട് പോയി കററിക്കാട്ടിലൊളിച്ചിരുന്ന കുട്ടികൾ തിരിച്ചുവന്നു് അവരവരുടെ മുണ്ടു വാങ്ങിയുടുത്തു.

പള്ളിക്കൂടം വിട്ടിട്ടു ഹെഡ്മാസ്റ്റർ യോഗ്യന്മാരെപ്പോലെ ഉത്സവസ്ഥലത്തേക്ക നടന്നു. വഴിയിൽക്കണ്ട ശിഷ്യന്മാർ അദ്ദേഹത്തെ വിലങ്ങി നിന്നു്, 'സാർ വന്ദനം!' എന്നു പറഞ്ഞിട്ടദ്ദേഹം ശ്രദ്ധിച്ചില്ല.

മിസ്ട്രസ് വീട്ടിൽ ചെന്നപ്പോൾ അവളുടെ അമ്മ ചോദിച്ചു—"എന്താമക്കളെ, ഉച്ചയുണ്ടില്ലെ?"

മാന്യമായരീതിയിൽ വസ്ത്രധാരണം ചെയ്യാതെ സ്ക്കൂളിൽവന്ന അവരെ എന്തുചെയ്യണമെന്നാലോചിച്ചിട്ടൊരുതീരുമാനത്തിലെത്താത്ത ഇൻസ്പെക്ടർ, തൽക്കാലം അവരുടെ ശമ്പളംതടയാൻ നിശ്ചയിച്ചു.

—0—

വനായിരുന്ന അദ്ദേഹം. അസ്വാതന്ത്ര്യയായ ഭാരതാംബയുടെ ദയനീയ വിലാപത്തിന് ഒരു ശമനം നൽകുവാൻ പ്രവൃത്തിരംഗത്തിലേയ്ക്കു ചാടിത്തിരിച്ച ഈ പുരുഷകേസരിയെ ഒരമാനുഷികവ്യക്തിയായിട്ടാണ് ജനങ്ങൾ ഗണിച്ചുപോന്നിരുന്നത്. വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഗ്രാമീണർ അദ്ദേഹത്തെ ഒരു ദേവനെപ്പോലെ ആരാധിച്ചിരുന്നു; വിദ്യാസമ്പന്നരായ ജനവിഭാഗമാകട്ടെ ആ സ്വാതന്ത്ര്യഭടന്റെ നേതൃത്വത്തിൽ അളവറ്റ വിശ്വാസം പ്രകടിപ്പിച്ചിരുന്നു.

സ്വേച്ഛാഭരണം അവസാനിപ്പിക്കുവാൻ മുന്നോട്ടുവന്ന ഈ വിപ്ലവനേതാവിനെ അധികാരവൃന്ദം വെറുത്തു, ഭയന്നു. സൂര്യസെന്നിനെയും അദ്ദേഹത്തിന്റെ അനുയായികളെയും ബന്ധനസ്ഥരാക്കുന്നതിനു ഭരണകൂടം പല അടവും പ്രയോഗിച്ചുനോക്കി. അക്രമികളെ പിടിച്ചുതരുന്നവർക്ക് നല്ലതുകകൾ പ്രതിഫലം നൽകാമെന്ന് അവർ പരസ്യംചെയ്തു. എന്നാൽ, ദേശപ്രേമികളായ ജനങ്ങൾ അതിനു വഴിപ്പെട്ടില്ല. തങ്ങളുടെ വിപ്ലവനേതാക്കന്മാരെ പിടിക്കുവാൻ നാണയത്തുട്ടുകൾക്ക് അസാദ്ധ്യമാണെന്ന് അവർ ആർത്തുവിളിച്ചു.

മാസ്റ്റർ ഡാ ഒരു ഉയരംകുറഞ്ഞ മനുഷ്യനാണ്. പ്രഥമദർശനത്തിൽ, ഈ കുറിയമനുഷ്യനാണോ ചിറ്റഗോങ്ങിലെ അധിപതിയായ സൂര്യസെൻ എന്ന് ആരുംതന്നെ സംശയിച്ചുപോകും. ഉദാസീനഭാവം അവലംബിച്ച് പ്രവൃത്തിപഥത്തിൽനിന്ന് പിന്മാറിനിൽക്കുവാൻ ആരെയും അദ്ദേഹം അനുവദിക്കുകയില്ല. ചുമതലാബോധത്തോടുകൂടി ഏതൊരുവനും സ്വന്തം കടമ നിർവഹിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

1918—ലാണ് സൂര്യസെൻ രാഷ്ട്രീയരംഗത്തിലേക്ക് പ്രവേശിച്ചത്. സ്വപത്നിയുടെ സമീപത്തുപോലും അധികകാലം താമസിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. സ്ത്രീകളിൽനിന്നും അകന്നുനിന്നു പ്രവൃത്തിക്കണമെന്നതു വിപ്ലവകാരികൾ അനുസരിക്കേണ്ട ഒരു പ്രധാന നിയമമാണ്. പ്രവർത്തനത്തിൽ വന്നുചേരുന്ന തെറ്റുകൾ തിരുത്തുവാനും ശരിയായ മാർഗ്ഗം പിന്തുടരുവാനും അദ്ദേഹത്തിനു ലേശം സങ്കോചമുണ്ടായിരുന്നില്ല. തന്റെ കീഴിലുള്ള പ്രവർത്തകന്മാരോട് ഏറ്റവും അധികം വിശ്വാസത്തോടും സ്നേഹത്തോടുംകൂടി ആണ് മാസ്റ്റർ ഡാ പെരുമാറിയിരുന്നത്. 'ഐറിഷ് സ്വാതന്ത്ര്യത്തിനുള്ള എന്റെ സമരം' എന്ന 'ഡാൻബ്രീനിന്റെ' പുസ്തകമാണ് ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ സൂര്യസെന്നിനു ആവേശം നൽകിക്കൊണ്ടിരുന്നത്.

മാതൃഭൂമിയുടെ മോചനമാണ് അല്ലാതെ [illegible] സ്വന്തം ജീവഹാനി വരുത്തുകയെന്നതല്ല സംഘത്തിന്റെ ആവശ്യമെന്ന് അദ്ദേഹം പലവുരു പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. സംഘാംഗങ്ങൾ എണ്ണത്തിൽ വളരെ കുറവായിരുന്നെങ്കിലും അവരുടെ ആവേശജനകമായ പ്രവൃത്തികൾ ബഹുജനങ്ങളെ ഒരു വമ്പിച്ച വിപ്ലവത്തിലേയ്ക്ക് ഇറക്കിവിടുവാൻ പര്യാപ്തമാണെന്നായിരുന്നു അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസം. പ്രവർത്തനത്തിൽ ആത്മാർത്ഥതയും സാമർത്ഥ്യവും പ്രദർശിപ്പിക്കുന്ന ഏതൊരു വ്യക്തിയേയും അക്രമണസംഘത്തിൽ ചേർക്കുവാൻ ആ നേതാവിനു ആഹ്ലാദമാണുണ്ടായിരുന്നത്.

സ്വജീവനേക്കാളും സഹപ്രവർത്തകരുടെ ജീവനെ സ്നേഹിച്ചിരുന്ന ഒരു ഉത്തമ നേതാവായിരുന്നു സൂര്യസെൻ. ഏതൊരു വിപ്ലവകാരിയും ആനന്ദപ്രദമായി കഴിയണമെന്നതാണ് അദ്ദേഹത്തിന്റെ മതം. മാസ്റ്റർ ഡാ ഒരു വിശാലഹൃദയനും കൂടിയാണ്. അക്രമണവേളയിൽ മൃതിയടഞ്ഞ സഖാക്കളെപ്പറ്റി ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഒരു നേരിയ വ്യസനച്ഛായ പതിയാറുണ്ട്. അവരുടെ മരണവാർത്ത അദ്ദേഹത്തെ അഗാധ വ്യസനത്തിലാഴ്ത്തും. എന്നാൽ കുഴപ്പം പിടിച്ച സന്ദർഭങ്ങൾ നേരിടുമ്പോൾ ഈ വിപ്ലവനേതാവ് പതറാത്ത ഹൃദയത്തോടുകൂടി അവയെ അഭിമുഖീകരിക്കുകതന്നെ ചെയ്യും.

1932 ജൂൺ മാസത്തിൽ മാസ്റ്റർ ഡാ 'മാൻഘാട്ട്' ഗ്രാമത്തിൽ 'നിർമൽസെൻ' എന്ന സഹപ്രവർത്തകനുമൊരുമിച്ച് താമസിക്കുകയായിരുന്നു. ഒരു ദിവസം പെട്ടെന്നു പോലീസ് ആ ഗൃഹം വളഞ്ഞു. ഇരുഭാഗക്കാരും തമ്മിൽ ഒരു സമരം തുടങ്ങി. പോലീസ് സംഘത്തെ പരാജിതമാക്കി. സൂര്യസെൻ ഓടി രക്ഷപ്പെട്ടു. വേറൊരു ഘട്ടത്തിൽ കൽക്കത്തായിൽ സൂര്യസെൻ താമസിച്ചിരുന്ന സൗധം പട്ടാളം വളയുകയുണ്ടായി. ഈ സൗധത്തിന്റെ അധോഭാഗത്ത് ബോമ്പ് നിർമ്മിക്കുന്നുണ്ടെന്നും ഉപരിതലത്തിൽ നേതാവ് വസിക്കുന്നുണ്ടെന്നും അവർ മനസ്സിലാക്കി. എന്നാൽ പെട്ടെന്നു അപ്രത്യക്ഷനായ സംഘത്തലവനെ കാണുവാൻപോലും കഴിയാതെ സേനാവിഭാഗം പരാജയമടഞ്ഞ് നിരാശരായി മടങ്ങിപ്പോയി.

1932 അവസാനംവരെ അത്യന്തം ശ്രദ്ധയോടെ പ്രവർത്തനം നടത്തിയെങ്കിലും അക്രമണ നേതാവിനെ ബന്ധസ്ഥനാക്കുവാൻ സാധിക്കാതെ വന്നതിൽ അത്യന്തം പരാജയ മനസ്ഥിതി

യോടുകൂടി ലക്ഷണക്കൂട്ടം അതിന്റെ അന്വേഷണം തൽക്കാലത്തേക്കു നിർത്തിവച്ചു.

1933 ഫെബ്രുവരി മാസത്തിലെ ഒരു ദിവസം മാസ്റ്റർ ഡാ സുഹൃത്തുക്കളുമൊന്നിച്ച് ഏതോ കാര്യത്തിനായി പോവുകയായിരുന്നു. ഇപ്രകാരം യാത്ര ചെയ്യുമ്പോൾ പെട്ടെന്നു നാലു ഭാഗത്തുനിന്നും വെടിയുണ്ടകൾ പാഞ്ഞു തുടങ്ങി. ഗൂർഖാ പട്ടാളം ആ പ്രദേശം വളഞ്ഞുകഴിഞ്ഞിരുന്നു. ഇപ്രാവശ്യം രക്ഷപ്പെടുവാൻ ആക്രമണനേതാവിനു കഴിഞ്ഞില്ല. അദ്ദേഹം ബന്ധനസ്ഥനായി.

കാരാഗൃഹജീവിതം അദ്ദേഹത്തിന്റെ ഉറച്ച ഹൃദയത്തെ ലേശംപോലും ഇളക്കിയില്ല. ഭാവി പ്രവർത്തനരീതിയെപ്പററി സ്വന്തം അനുയായികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനായിരുന്നു അദ്ദേഹം തന്റെ ജയിൽവാസകാലം ഉപയോഗിച്ചിരുന്നത്.

1933 ആഗസ്റ്റ് മാസത്തിൽ സൂര്യസെന്നിനെ മരണശിക്ഷയ്ക്കു വിധിച്ചു. 1934 ജനുവരിയിൽ അധികാരികൾ ആ ചിററഗോങ്ങിലെ രാജാവിനെ അർദ്ധരാത്രിസമയത്തു തൂക്കിക്കൊന്നു.

സൂര്യസെന്നിന്റെ രാഷ്ട്രീയജീവിതം ഇങ്ങിനെ അവസാനിച്ചുവെങ്കിലും അദ്ദേഹത്തിന്റെ നാമധേയം വംഗരാജ്യനിവാസികളുടെ സ്മൃതിപഥത്തിൽ എന്നും മായാതെ കിടക്കുന്നു. മർദ്ദനത്തിനും ചൂഷണത്തിനും എതിരായി സ്വസഹോദരന്മാരെ സംഘടിപ്പിച്ച് നയിച്ച ഈ നേതാവിന്റെ ജീവിതം ബംഗാളിന്റെ സ്വാതന്ത്ര്യസമരചരിത്രത്തിൽ രക്തലിപികളിൽ എഴുതേണ്ട ഒന്നാണ്. അദ്ദേഹം ഏതൊന്നിനുവേണ്ടി സ്വന്തം ജീവനെ ബലിയർപ്പിച്ചുവോ; ആ മഹനീയാദർശത്തിന്റെ പിന്നിൽ ഭാരതത്തിലെ ജനാവലി നിമിഷംപ്രതി അണിചേരുകയാണ്. നിസ്വാർത്ഥതയുടേയും ആത്മാർത്ഥതയുടേയും വിളനിലമായിരുന്ന ഈ വിശ്വസ്തനേതാവിന്റെ ജീവിതം ഏതൊരു സ്വാതന്ത്ര്യപ്രേമിക്കും മാതൃകയായിട്ടാണ് നിലകൊള്ളുന്നത്.


# ഹൃദയദ്രവീകരണങ്ങളായ

## നാലു ഖണ്ഡകൃതികൾ

BY

## പൊൻകുന്നം പി. എ. ചാക്കൊ

| | | |
|---|---|---|
| 1. | തൊഴിലാളിവീരൻ | 4 ണ |
| 2. | പട്ടിണിപ്പാവങ്ങൾ (അച്ചടിയിൽ) | 6 ണ |
| 3. | തൊഴിലാളിവിലാപം | 3 ണ |
| 4. | സ്വാതന്ത്ര്യകാഹളം | 2 ണ |

കേരളത്തിലെ തൊഴിലാളികൾ അനുഭവിക്കുന്ന നരകയാതനകളുടെ കലാസുഭഗമായ ചിത്രങ്ങൾ, കണ്ണുനീരോടുകൂടി വായിച്ചാസ്വദിക്കുക.

ഏജൻറന്മാർക്ക് ആകർഷണീയമായ കമ്മീഷൻ നൽകുന്നതാണ്.


പൊൻകുന്നം പി. എ. ചാക്കൊ

പുതുപ്പള്ളി കോട്ടയം


Printed and Published by P. J. Joseph at the Geo Printing Works, Kottayam.

Reg. No T. 7 License No. 368 Dated 1st March 1939

CHITRODAYAM, KOTTAYAM




ഭക്ഷണസാധനങ്ങളുടെ കുറവും ജനസംഖ്യയുടെ വർദ്ധനവും ആണ് ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ പ്രധാന കാരണങ്ങൾ. ഈ നിർഭാഗ്യാവസ്ഥയ്ക്കു തൃപ്തികരമായ ഒരു പരിഹാരം രാജ്യത്തുള്ള മണ്ണ് കൂട്ടുവളങ്ങൾ കൊണ്ടു ഫലപുഷ്ടിയുള്ളതാക്കുക എന്നതുമാത്രമാണ്.

## മെ. ശേഷശായി ബ്രദേഴ്സ് ലിമിറ്റഡ് തൃശിനാപ്പള്ളിയുടെ

മാനേജ്മെന്റിലും തിരുവിതാംകൂർ, മദ്രാസ്, കൊച്ചി എന്നീ ഗവൺമെന്റുകളുടെ ഉള്ളഴിഞ്ഞ സഹകരണത്തിലും വ്യാവസായിക കൂട്ടുവളങ്ങളെന്നു സുസമ്മതമായ, **അമോണിയം സൽഫെയിറ്റ്**

ഉടനെ ഉല്പാദിപ്പിച്ചു തുടങ്ങുന്നതാണ്. ഇന്ത്യയുടെ സ്വയം പര്യാപ്തതയേയും ഓരോ കർഷകന്റെ കൃഷിക്കോൽപ്പന്നങ്ങളുടെ വർദ്ധനവിനേയും സഹായിക്കുവാൻ അവർ ആഗ്രഹിക്കുന്നു.